പന്ത്രണ്ടാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 271

17-03-2008 ൽ മറുപടിക്ക്

## കേരള കർണ്ണാടക അന്തർ-സംസ്ഥാന ബസ് സർവ്വീസ്

| ചോദ്യം | ഉത്തരം : |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. ജോസഫ് എം. പുതുശ്ശേരി<br>പ്രൊഫ. എൻ. ജയരാജ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ | ശ്രീ. മാത്യു. ടി. തോമസ്<br>(ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കേരളത്തിൽ നിന്ന് കർണ്ണാടകത്തിലേക്ക് കെ. എസ്. ആർ. ടി. സി. യുടെ എത്ര ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്; | എ) കേരള - കർണ്ണാടക സർക്കാരുകൾ തമ്മിൽ നിലവിലുള്ള അന്തർ സംസ്ഥാന കരാറുകൾ അനുസരിച്ച് കെ. എസ്. ആർ. ടി.സി. ബസുകൾക്ക് 34750 കി: മീറ്റർ ദൂരമാണ് കർണ്ണാടകയിൽ സർവ്വീസ് നടത്തുന്നതിന് അനുവദിച്ചിട്ടുള്ളത്. അതനുസരിച്ച് 61 റൂട്ടുകളിലായി 155 ബസുകൾ ഉപയോഗിച്ച് കേരളത്തിൽ നിന്നും കർണ്ണാടകത്തിലേക്ക് അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തിവരുന്നു. |
| ബി) ഇത് കേരളത്തിൽ നിന്നുള്ള യാത്രക്കാരുടെ ആവശ്യത്തിന് പര്യാപ്തമാണോ; | ബി) സാധാരണ ദിവസങ്ങളിൽ മതിയായ യാത്രക്കാരില്ലാതെയാണ് കർണ്ണാടകത്തിലേക്കുള്ള സർവ്വീസുകൾ പലതും നടത്തി വരുന്നത്. എന്നാൽ ചില പ്രത്യേക സീസണുകളിലും അവധി ദിവസങ്ങളോട് ചേർന്ന് വരുന്ന ദിവസങ്ങളിലും കൂടുതൽ തിരക്ക് അനുഭവപ്പെടാറുണ്ട്. അങ്ങനെയുള്ള ദിവസങ്ങളിൽ നിലവിലുള്ള സർവ്വീസുകൾ പര്യാപ്തമല്ല. |

— —— —

| | | | |
|---|---|---|---|
| സി) | കർണ്ണാടകത്തിലേക്ക് സർവ്വീസ് നടത്തുന്ന എത്ര സ്വകാര്യ ബസ്സുകൾ ഉണ്ട്; ഈ സർവ്വീസുകൾ ലാഭകരമാണോയെന്ന് സർക്കാർ നിരീക്ഷിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നല്കുമോ; | സി) | 55 സ്വകാര്യ വാഹനങ്ങൾക്കാണ് കർണ്ണാടക സംസ്ഥാനത്തിലേക്ക് . സർവ്വീസ് നടത്തുവാൻ പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. ഈ സർവ്വീസുകൾ ലാഭകരമാണോ എന്ന് നിരീക്ഷിച്ചിട്ടില്ല. |
| ഡി) | യാത്രക്കാരുടെ ബാഹുല്യം കണക്കിലെടുത്ത് കെ. എസ്.ആർ. ടി.സി. കൂടുതൽ സർവ്വീസുകൾ ഈ മേഖലയിൽ ആരംഭിക്കുമോ; | ഡി) | ഇപ്പോൾ പരിഗണനയിലുള്ള നാലാമത് അന്തർസംസ്ഥാന കരാർ നിലവിൽ വരുന്നതോടുകൂടി കൂടുതൽ സർവ്വീസുകൾ ആരംഭിക്കുവാൻ കഴിയുന്നതാണ്. |
| ഇ) | കർണ്ണാടകത്തിലേയ്ക്കുള്ള യാത്രയിൽ സ്വകാര്യ ബസ്സുകളെ ആശ്രയിക്കുന്ന യാത്രക്കാർ പ്രവേശന നികുതി ഇനത്തിൽ ഭീമമായ തുക നല്കേണ്ടി വരുന്നു എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; | (ഇ) യും (എഫ്) ഉം | കോൺട്രാക്റ്റ് ക്യാരേജ് പെർമിറ്റുള്ള വാഹനങ്ങളിൽ നിന്നും പ്രവേശന നികുതി ഈടാക്കുന്നതു സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരത്ത് വെച്ചു നടന്ന ദക്ഷിണ സംസ്ഥാന ഗതാഗത വകുപ്പ് മന്ത്രിമാരുടെ യോഗത്തിൽ കേരളം ഈ പ്രശ്നം ഉന്നയിക്കുകയുണ്ടായി. മറ്റൊരു സംസ്ഥാനത്തിന്റെ നികുതി ഘടന സംബന്ധിച്ച് നമ്മുടെ സംസ്ഥാനത്തിന് തീരുമാനം കൈക്കൊള്ളുവാൻ കഴിയുന്നതല്ല. |
| എഫ്) | എങ്കിൽ കേരളത്തിൽ നിന്നുള്ള യാത്രക്കാരുടെ പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം കാണാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 272 | 17.3.2008 ൽ മറുപടിക്ക് |
|---|---|

# റീജിയണൽ കാൻസർ സെന്ററിലെ ഭൗതിക സൗകര്യങ്ങൾ

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ (ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

എ) തിരുവനന്തപുരം റീജിയണൽ കാൻസർ സെൻറർ എന്നാണ് ആരംഭിച്ചത്; ഇതിൻെറ ഭരണച്ചുമതല ആരിലാണ് നിക്ഷിപ്തമായിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ;

എ) തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്റർ 1981 ൽ പ്രവർത്തനം ആരംഭിച്ചു. ഇതിൻെറ ഭരണ ചുമതല ടി സ്ഥാപനത്തിൻെറ തന്നെ ഗവേണിംഗ് ബോഡിക്കും എക്സിക്യൂട്ടീവ് കമ്മിറ്റിക്കുമാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

ഗവേണിംഗ് ബോഡിയിലെ അംഗങ്ങൾ

| | | | |
|---|---|---|---|
| 1 | ബഹു. കേരള മുഖ്യമന്ത്രി | - | ചെയർമാൻ |
| 2 | ബഹു.ആരോഗ്യവകുപ്പു മന്ത്രി | - | വൈസ്ചെയർമാൻ |
| 3 | ആരോഗ്യ വകുപ്പ് സെക്രട്ടറി | - | Alt. വൈസ് ചെയർമാൻ |
| 4 | ധനകാര്യ വകുപ്പ് സെക്രട്ടറി | - | മെമ്പർ |
| 5 | പ്ലാനിംഗ് വകുപ്പ് സെക്രട്ടറി | - | മെമ്പർ |
| 6 | ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസവകുപ്പ് | - | മെമ്പർ |
| 7 | പ്രിൻസിപ്പാൾ,മെഡിക്കൽ കോളേജ്, തിരുവനന്തപുരം | - | മെമ്പർ |
| 8 | ഡയറക്ടർ, ശ്രീ ചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആൻറ് ടെക്നോളജി, തിരുവനന്തപുരം | - | മെമ്പർ |
| 9 | ഡയറക്ടർ ജനറൽ, കേന്ദ്ര ആരോഗ്യ വകുപ്പ് മന്ത്രാലയം ന്യൂഡൽഹി | - | മെമ്പർ |
| 10 | സെക്രട്ടറി, കേന്ദ്ര ആരോഗ്യ വകുപ്പ്, ന്യൂഡൽഹി | - | മെമ്പർ |
| 11 | ഡോ. എസ്.സി. ഗുപ്ത, 'Vaidya' പുലയനാർകോട്ട റോഡ്, തിരുവനന്തപുരം | - | മെമ്പർ |
| 12 | ഡയറക്ടർ, ആർ.സി.സി. തിരുവനന്തപുരം | - | കൺവീനർ |

## എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ

| | | |
|---|---|---|
| 1. | ഗവ.സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ് | ചെയർമാൻ |
| 2. | ഗവ.സെക്രട്ടറി, ധനകാര്യ വകുപ്പ് | മെമ്പർ |
| 3. | ഗവ.സെക്രട്ടറി, പ്ലാനിംഗ് വകുപ്പ് | മെമ്പർ |
| 4. | ഡയറക്ടർ, (മെഡിക്കൽ വിദ്യാഭ്യാസം) (ഡി.എം.ഇ) | മെമ്പർ |
| 5. | പ്രിൻസിപ്പൽ, മെഡിക്കൽ കോളേജ്, തിരുവനന്തപുരം | മെമ്പർ |
| 6. | ഡയറക്ടർ, ആർ.സി.സി.,തിരുവനന്തപുരം | കൺവീനർ |

(ബി) ഈ സ്ഥാപനത്തിൽ പ്രതി വർഷം ശരാശരി എത്ര രോഗികൾ ചികിത്സതേടി എത്തുന്നുണ്ട് ; വർഷംതോറും ഇവിടെയെത്തുന്ന രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കഴിഞ്ഞ 3 വർഷങ്ങളിലെ രോഗികളുടെ കണക്ക് ചുവടെ ചേർക്കുന്നു.

2004 - 2005 - 124904

2005 - 2006 - 128441

2006 - 2007 - 141147

ജനസംഖ്യാനുപാതികമായി നേരിയ വർദ്ധനവ് ഉണ്ടാകുന്നുണ്ട്.

(സി) ഈ സ്ഥാപനത്തിലെത്തുന്ന രോഗികളുടെ എണ്ണത്തിന് ആനുപാതികമായി ഇതിന്റെ അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ വർദ്ധിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) യും (ഡി) യും സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട ക്യാൻസർ ചികിത്സാ കേന്ദ്രമായ ആർ.സി.സി.യുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മജ്ജമാറ്റിവയ്ക്കൽ യൂണിറ്റ്, നവീന എക്സ്റേ യൂണിറ്റ്,

| | | | |
|---|---|---|---|
| (ഡി) | ഇതുമൂലം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഇവിടെയെത്തുന്ന രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | | റേഡിയോ തെറാപ്പി ഡിജിറ്റൽ സിമുലേറ്റർ, എം.ആർ.ഐ.സ്കാൻ യൂണിറ്റ് എന്നിവ സ്ഥാപിച്ചു. |
| (ഇ) | ഇൻപേഷ്യന്റ്സിന് ആവശ്യമായ കൂടുതൽ പേവാർഡുകൾ, ജനറൽ വാർഡുകൾ തുടങ്ങിയ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് അടിയന്തിര നടപടികൾ കൈക്കൊള്ളുമോ ? | (ഇ) | നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 273 — 17.03.2008- ൽ മറുപടിക്ക്

## വ്യവസായ മേഖലയിൽ സമാധാനാന്തരീക്ഷം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.സി. രാജഗോപാലൻ :<br>ശ്രീ. ജോർജ് എം. തോമസ് :<br>ശ്രീ. എസ്. രാജേന്ദ്രൻ :<br>ശ്രീ. ആർ. സെൽവരാജ് :<br>ശ്രീ.സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : | ശ്രീ.എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) വ്യവസായ മേഖലയിൽ സമാധാനന്തരീക്ഷം നിലനിർത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | (എ) 2007 ജൂണിൽ പ്രഖ്യാപിച്ച വ്യവസായ വാണിജ്യ നയത്തിൽ വ്യവസായ മേഖലയിലെ സമാധാന അന്തരീക്ഷം നിലനിർത്താൻ താഴെപറയുന്ന കാര്യങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്.<br>(i) ദ്രുതഗതിയിലുള്ള വ്യവസായവൽകരണത്തിലൂടെയും പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത വിധത്തിൽ സാമൂഹ്യ ലക്ഷ്യങ്ങൾക്ക് പ്രത്യേകം ഊന്നൽ നൽകികൊണ്ട് വാണിജ്യ രംഗത്ത് കുതിച്ചുചാട്ടം നടത്തിയും ഉയർന്ന സ്ഥായിയായ സാമ്പത്തിക പുരോഗതി നേടുക, ന്യായമായ വേതനം ഉറപ്പ് നൽകികൊണ്ട് വൻ തോതിൽ തൊഴിലവസരം സൃഷ്ടിച്ചും കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റുക എന്നതാണ് ഈ സർക്കാരിന്റെ കാഴ്ചപ്പാട്. അടിസ്ഥാനരഹിതമായ ധാരണകൾ മാറ്റുന്നതിനും ആരോഗ്യപരമായ തൊഴിൽ ബന്ധങ്ങൾക്ക് പ്രാധാന്യം നൽകുന്നതിനുമുള്ള പ്രചാരണ പരിപാടികൾ നടപ്പിലാക്കുന്നതാണ്.<br>(ii) ജീവനക്കാരെ തെരഞ്ഞെടുക്കുന്നതിനുള്ള അവകാശം മാനേജ്മെന്റിനായിരിക്കും; പ്രാദേശിക തൊഴിലാളികൾക്ക് കഴിയുന്നത്ര അവസരം നൽകണം.<br>(iii) വ്യവസായികളും തൊഴിലാളി സംഘടനകളുമായി നിരന്തരമായ ചർച്ചകളിലൂടെ പുതിയ മാനേജ്മെന്റ് സംസ്കാരം പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ നടപടികളെടുക്കും.<br>(iv) തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് തൊഴിലാളി സംഘടനകളുടെ സഹകരണം ഉറപ്പാക്കും.<br>(v) തൊഴിൽ തർക്കം ഉണ്ടായാൽ വേഗത്തിൽ പരിഹരിക്കുന്നതിന് ആർബിട്രേഷൻ സംവിധാനം സജ്ജമാക്കും.<br>(vi) തർക്കപരിഹാരത്തിനും നയരൂപീകരണത്തിനും പൊതുമേഖലാ ഉപദേശകസമിതിയും ഫാസ്റ്റ് ട്രാക്ക് തൊഴിൽ കോടതിയും സ്ഥാപിക്കും. |

(ബി) നിക്ഷേപ സൗഹൃദ അന്തരീക്ഷം വളർന്നു വന്നിട്ടുള്ള വിവരം നിക്ഷേപകരെ ബോദ്ധ്യപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) സ്വീകരിക്കും.

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്ത് എത്ര കോടി രൂപയുടെ സ്വകാര്യ നിക്ഷേപം ഉണ്ടായിട്ടുണ്ട് ; ഏതെല്ലാം സ്ഥാപനങ്ങളുമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട് ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം കെ.എസ്.ഐ.ഡി.സി. വഴി സ്വകാര്യ മേഖലയിൽ 13 വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തനമാരംഭിക്കുകയും 44.86 കോടി രൂപയുടെ നിക്ഷേപവും ഉണ്ടായിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി വിവിധ ജില്ലകളിലായി നടത്തിയ നിക്ഷേപക സംഗമങ്ങളിൽ വച്ച് വിവിധ സ്ഥാപനങ്ങളുമായി ധാരണാപത്രം ഒപ്പിട്ടതിന്റെ വിശദാംശം അനുബന്ധം (1) ൽ കാണാവുന്നതാണ്.

ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്യപ്പെട്ട ചെറുകിട സേവന സംരംഭങ്ങൾ മുഖേന 02.10.06 വരെ 8051 ലക്ഷം രൂപയും MSMED Act നിലവിൽ വന്ന 02.10.06 മുതൽ 31.12.07 വരെ പാർട്ട് II മെമ്മോറാണ്ടം ഫയൽ ചെയ്തത് അനുസരിച്ച് ചെറുകിട ഇടത്തരം സംരംഭങ്ങളിലൂടെ 85180.71 ലക്ഷം രൂപയുടെയും സ്വകാര്യ നിക്ഷേപം ഉണ്ടായിട്ടുണ്ട്.

കിൻഫ്ര വിവിധ ജില്ലകളിൽ നടത്തിയ നിക്ഷേപക സംഗമങ്ങളിൽ വച്ച് വിവിധ സ്ഥാപനങ്ങളുമായി ധാരണാപത്രം ഒപ്പിട്ടതിന്റെ വിശദാംശം അനുബന്ധം രണ്ടിൽ കാണാവുന്നതാണ്.

(ഡി) ആകെ എത്ര കോടി രൂപയുടെ സ്വകാര്യ നിക്ഷേപമാണ് പ്രതീക്ഷിക്കുന്നത് ; ഈ പദ്ധതികൾ പൂർത്തിയാകുന്നതോടെ എത്ര പേർക്ക് തൊഴിൽ ലഭിക്കുമെന്ന് കണക്കാക്കുന്നു ?

(ഡി) കെ.എസ്.ഐ.ഡി.സി. ബോർഡ് ക്ലിയർ ചെയ്ത പദ്ധതികളിൽ 21 പദ്ധതികളാണ് നിലവിൽ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നത്. ഈ പദ്ധതികൾ മുഖേന ആകെ 573.42 കോടി രൂപയുടെ സ്വകാര്യ നിക്ഷേപം പ്രതീക്ഷിക്കുന്നു. ഇവയിൽ കൂടി 6585 പേർക്ക് തൊഴിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കിൻഫ്രയിൽ 11 പദ്ധതികളാണ് നിലവിൽ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നത്. ഈ പദ്ധതികൾ മുഖേന ഏകദേശം 850 കോടി രൂപയുടെ സ്വകാര്യ നിക്ഷേപമാണ് പ്രതീക്ഷിക്കുന്നത്. ഇത് വഴി ഏകദേശം 25000-ത്തോളം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

സർക്കാരുമായി ധാരണയിലെത്തിയ മറ്റ് പദ്ധതികളിൽ ഉദ്ദേശം 10,000 കോടി രൂപയുടെ നിക്ഷേപം പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ

(അനുബന്ധം - I

# Report on the Status of the MOUs signed by KSIDC during Investor's Meet as on 26.02-2008
## KANNUR-23/09/06

| Sl. No. | Name & Address | Project | Cost of project (Rs. In crores) | Remarks |
|---|---|---|---|---|
| 1 | Mr.Abdul Gafoor<br>Managing Director<br>Kalliyath Steels (P) Ltd<br>Kallayi P.O<br>Kozhikode-3 | Mini Steel Plant | 20 Crores | Forwarded the formats for Entreprauner Data, Affidavits application for land at IGC. The private party is looking forward for the completion of the infrastructural facilities at IGC to implement the project. |
| 2 | Mr.Vivek Agarwal<br>Managing Director<br>Southern Ispat Ltd<br>19/629(1), Sreyas<br>Near Yakkara School<br>Bus Stop, West Yakkara<br>Palakkad-678001 | Sponge Iron | 500.00 | Forwarded the formats for Entreprauner Data Sheet, affidavits and application for land at IGC. The investor is facing problem for his steel unit at Palakkad. Hence the project at Kannur is kept in abeyance. |
| 3 | Mr.Thomas T Ollickal<br>Managing Director<br>Mariyan Apparel P Ltd<br>SDF-4, Kinfra<br>International Apparel<br>Park, Thumba,<br>St.Xaviers College,<br>Trivandrum<br>"*" | Textile/Garment unit | 25.00 | Training for first batch of Technicians is completed at Trivandrum. Unit has become operational on November |
| 4 | Mr.Shameer Dawood,<br>Managing Director<br>Sun power Cement<br>Company pvt Ltd<br>Chamavila<br>Kallamblam<br>Trivandrum 695605 | Mini Steel Plant | 20.00 | Forwarded the formats for Entreprauner Data Sheet, affidavits and application for land allotment at IGC. The promoter is looking forward for the completion of the infrastructural facilities at IGC at the earliest. |

* PROGRESS REPORTED

| | | | | |
|---|---|---|---|---|
| 5 | Habebulla<br>Rejan Quarters<br>Opp.U.K Bhava<br>Memmorial<br>Kuruva, Kadalayi P.O<br>Kannur-7 | Industrial Gas Complex | 550.00 | We have received the application for land and DPR.The power requirement is in the order of 5 MV which is |
| 6 | Bhagavathy Group<br>Sanath Nair<br>Managing Director<br>LocalAddress:Aaroodam<br>Kizhunna P.O,Kannur-7 | Scaffolding Manufacturing Unit | 30.00 | Forwarded the formats for Entrepraumer Data Sheet affidavits and application for land at IGC. The investor is looking forward for the completion of the infrastructural facilities at IGC at the earliest. |
| 7 | Panakkad Abdul Khadder<br>Managing Director<br>Wake Industries International Ltd<br>Brigade Centre,<br>Fort Road<br>Kannur-1 | Viable projects will be provided by KSIDC | 100.00 | A CD containing 60 Viable project proposals and an IT Infrastructure Project (IT park) at Astral watches Ltd, Kasaragod have been forwarded to their Dubai Address. No response till date even after reminders. |
| | TOTAL | | 1245.00 | |

**KASARAGOD-13/1/07**

| Sl. No. | Name & Address | Project | Cost of project (Rs. In crores) | Remarks |
|---|---|---|---|---|
| 1 | Mr. Abdul Gaffoor<br>Kalliyath Steels (P) Ltd,<br>Calicut | Sponge Iron cum Integrated Steel plant | 150.00 | Forwarded the formats for Entrepreneur Data and affidavits. Private Land to be identified by the promoter at Kasaragod district. Sent reminder letters for providing the details, till now no response. |

| | | | | |
|---|---|---|---|---|
| 2 | Mr. Abdul Azis<br>Udma Educational Trust,<br>Kasaragod | Educational Institution | 25.00 | Forwarded the formats for Enterprauner Data Sheet and affidavits. Offered Astral Watches premises for their Animation / IT project. No response from the party.<br><br>Sent reminder letters for providing the details, till now no response |
| 3 | Mr. Girish Kamath<br>K.S.A Kamath & Sons<br>Kasaragod | Special Economic Zone for Cashew Industry | 200.00 | Forwarded the formats for Entreprauner Data and affidavits.<br>Sent reminder letters for providing the details. Till now no response |
| 4 | Mr.Yogesh Prabhu<br>Damodar Cashew<br>Company | Modern Cashew Unit | 5.00 | Forwarded the formats for Entrpraoner Data and affidavits. No response from the party till date<br>Sent reminder letters for providing the details. Till now no response |
| 5 | Mr. Alexander Samuel<br>Thomas<br>London | Chain of resort Hotels | 27.00 | Representatives Visited KSIDC for project presentation. Corporate Finance group of UK has agreed to finance the project. The investors from UK is planning to visit KSIDC during 4th week of November,2007. |
| | **Total** | | **407.00** | |

**KOTTYAM-27/01/07**

| SL No. | Name & Address | Project | Cost of project (Rs. In crores) | Remarks |
|---|---|---|---|---|
| 1 | Le Deacon Group<br>Alexander Samuel Thomas<br>U.K<br>"*" | Hotel/Resort Chain(20Nos) | 107.00 | Overseas promoter would be visiting Kottayam during November 2007.<br><br>Promoters representatives Visited KSIDC for project presentation during February 2007. Corporate Finance group of UK has agreed to finance the projects |
| 2 | Plantrich Chemicals &Fertilizers<br>Mr. Bijumon Kurian | Organic Farming | 40.00 | Forwarded formats for Entrepreneur data sheet and affidavits. No response from them till date. |
| 3 | Plantrich Chemicals &Fertilizers<br>Mr. Bijumon Kurian | Food&Agricultural Unit | 10.00 | Forwarded formats for Entrepreneur data and affidavits. No response from them till date. |
| 4 | Kottayam District Milk Suppliers<br>Mr. C.C Michle (Director)<br>"*" | Milk Pasteurization Unit | 3.00 | Directed them to get the fund from KFC for the project as the project falls under co-operative sector |
| 5 | Cyan Hotels (P) Ltd<br>Mr.Bidahar<br>Mr. Sunil Kumar<br>"*" | Tourist resort | 20.00 | Due to high value of land at Kumarakom they are planning to purchase the land at Varkala, Trivandrum. |

| | | | | |
|---|---|---|---|---|
| 6 | Coutachane, Dubai<br>Mr.Unni Baskar.Dubai<br>"*" | Tourist resort | 25.00 | Due to the high cost of land at Kumarakom the project is kept in abeyance. |
| 7 | Diamond Group of companies, Kottayam<br>Mr.C.B.V Siddique<br>"*" | Water Theme park | 100.00 | Forwarded formats for Entrepreneur data sheet and affidavits. The Group is searching suitable private land for the project at Kottayam District. |
| 8 | Vazhatharan Group<br>Puthuppally<br>V.C Joseph | Farm Tourist Project | 5.00 | Forwarded formats for Entrepreneur data sheet and affidavits. No response from them till date. |
| 9 | Vazhatharan Group<br>Puthuppally<br>V.C Joseph | M-sand project | 6.00 | Necessary Data Sheets forwarded to the party.no response till date. |
| 10 | Vazhatharan Group<br>Puthuppally<br>V.C Joseph | Mini Airport | 15.00 | Forwarded formats for Entrepreneur data sheet and affidavits. Land has been identified for the project. Recommended the case to Government for land allocation to the project |
| 11 | Mr.P.M James | Health Tourism at Anand Lake | 15.00 | Forwarded formats for Entrepreneur data sheet and affidavits. No response from the party till date. |
| 12 | Mr.Jacob Kurian | Expanding&Modernising the existing hotel, The Ambassador | 3.00 | Forwarded formats for Entrepreneur data sheet and affidavits. No response from the party till date. |
| 13 | Windsor castle Group of Companies,<br>Kottayam<br>T.O Abraham.<br>"*" | Convention Centre &House Boats | 15.00 | Project Report Received. Forwarded formats for Entrepreneur data sheet and affidavits. Referred to State Co-op.Bank for funding, as they are their existing bankers. |

| | | | | |
|---|---|---|---|---|
| 14 | Kingsway Group of Companies . K.J Thomas | Automobile Tyre Tube manufacturing unit | 10.00 | Forwarded formats for Entrepreneur data sheet and affidavits. No response from the party till date. |
| 15 | Kingsway group of companies K.J Thomas | Ecofriendly Tourist resort | 6.50 | Forwarded formats for Entrepreneur data and affidavits. No response. |
| 16 | Mesbar Al Khaleej Trading KSA& Happy land TVM PR Mohan | Water Theme Park cum Ride Equipment manufacturing unit | 40.00 | Forwarded formats for Entrepreneur data sheet and affidavits. No response. |
| 17 | Meenachil Experiences, Pala John Thomas "*" | Home Stay Tourism project | 9.00 | Forwarded formats for Entreprauner data sheet and affidavits. Project report for the financial Assistance from KFC is under preparation. |
| 18 | Continental Merchantile Corporation M.George Varghese | Institute for rapid training of technical personnel | 4.00 | Forwarded formats for Entrepreneur data sheet and affidavits. No response from the party till date. |
| 19 | Thomson Group, Dubai K.B Abraham | Star Tourist Project | 50.00 | No response from the private party. Necessary formats / Data sheets forwarded to them. |
| 20 | Lilly Gardens Holiday Homes Pvt Ltd P.J Antony | Convention centre and motel complex | 5.00 | Project Report received. Forwarded formats for Entreprauner data sheets and affidavits. No response from them till date, even after reminders. |
| 21 | Kondody Group Xavier Thomas Kondody | Tourism and industry blended project | 2.00 | Project Report received. Forwarded formats for Entreprauner data sheet and affidavits. No response from them till date. Promoter has informed us that he has kept the project in abeyance. |

| | | | | |
|---|---|---|---|---|
| 22 | Perincherill Rubbers Kurian P Thomas | Rubber mats & Rubberized coir mats | 6.00 | Forwarded formats for Entrepreneur data sheet and affidavits. No response from them till date. |
| 23 | U.K home Appliances &Gift Centre N.G Biju | Tourism Project | 5.50 | Forwarded formats for Entrepreneur data sheet and affidavits. No response from them till date. |
| 24 | Pepturn India(p) Ltd John Jacob | Super critical fluid extraction plant | 12.00 | Request for renewing the MoU has been received |
| 25 | Natural Rubber & fibre products manufacturing consortium (p) Ltd. K.M Thomas | PVC/Rubber tufted coir mats | 10.00 | Forwarded formats of Entrepreneur data and affidavits. No response from them till date. |
| 26 | Mukkadan Group K.C Mathew | 3 star Hotel | 4.00 | Forwarded formats of Entrepreneur data and affidavits. No response from them till date. |
| 27 | Toms Pipes (p) Ltd Water sports complex | 8.00 | | Forwarded formats of Entrepreneur data and affidavits. No response from them till date. |
| 28 | Dilep kumar Pareparambil Dileep Kumar. | Packaged Drinking Water project | 2.50 | Forwarded formats of Entrepreneur data and affidavits. Project proposal forwarded to KFC for funding assistance. |
| 29 | TJP rubber Industries George P Thomas | Tourist Resort | 4.50 | Forwarded formats of Entrepreneur data and affidavits. No response from them till date. |
| 30 | Victory Research Centre Chereesh Cheriyan | IT park and finishing school | 23.00 | Forwarded formats of Entrepreneur data and affidavits. No response from them till date, even after reminders. |

| | | | | |
|---|---|---|---|---|
| 31 | Hotel Maya penta<br>Philip Jose | 3 star hotel | 4.00 | Forwarded formats of Entrepreneur data and affidavits. No response from them till date till date. |
| 32 | Sree Sankara Group of companies<br>M.C Balachandra Das | Ayurvedic hospital and research Centre | 6.00 | Forwarded formats of Entrepreneur data and affidavits. No response from them till date till date. |
| | **TOTAL** | | **576.00** | |

**THRISSUR-19/2/07**

| Sl. No. | Name & Address | Project | Cost of project (Rs. In crores) | Remarks |
|---|---|---|---|---|
| 1 | Mr.Ramu Padickal<br>Guruvayur Payyambalam Beach resorts (P) Ltd.<br>"8' | Beach Resort | 10.00 | Awaiting CRZ clearance for the project from GOI. |
| 2 | Mr. Ramu Padickal, Trichur<br>"*" | 3 Star Hotel | 10.00 | Approached KSIDC for financial assistance with the Project Report |
| 3 | Mrs.Rekha Bhavadas<br>Devarangam Resorts (P) Ltd<br>Trichur.<br>"*" | 3 Star Hotel | 8.00 | Steps have taken for the funding the balance fund requirements. They have submitted draft project report and the final project report will be submitted with in two weeks. |
| 4 | Mr.Suresh Babu<br>M/s Southern Pet Plast(India).<br>"*" | Manufacture of PET preforms | 1.50 | Proposal to KSIDC for funding has been rejected by us. They have completed the project. |
| 5 | Mr.Christo George Kattukkaran<br>M/s Hykon India (P) Ltd.<br>"*" | Linear Light Fittings& Ballasts | 10.00 | Entered Technology Tie-up with a leading international agency by the promoter group for the project |
| 6 | Mr.Parameswaran<br>Kamakshy Constructions<br>Thrissur.<br>"*" | IT Park | 100 | Received the project report and the project proposal have been forwarded to IT department for their consideration. |
| | **TOTAL** | | **139.50** | |

## MALAPPURAM

| Sl. No. | Name & Address | Project | Cost of project (Rs. In crores) | Remarks |
|---|---|---|---|---|
| 1 | Shri.Prem Anand<br>M/s Yemkay Exports | Construction Chemical Manufacturing unit | 3.00 | Forwarded the necessary formats for land allocation at IGC.No response, even after reminders. |
| 2 | Mr. Mohammedali<br>Malabar Steel Industries | Steel Re-rolling Mill | 10.00 | Awaiting for power availability for the project by the private party. |
| 3 | Mr.Jairaj Nair<br>M/s The Leela Group of Companies, Mumbai. | Apparels/Garments Manufacturing Unit | 8.00 | Leela Group informed that they have sold their garment business and abandoned the work on the proposed garment unit. We have also written to the new group regarding the availability of land/built up area. |
| | **TOTAL** | | **21.00** | |
| | **GRAND TOTAL** | | **2388.50 crores** | **53 Projects** |

Total 53.

അനുബന്ധം-2.

സ്വകാര്യ നിക്ഷേപം ആകർഷിക്കുന്നതിന്റെ ഭാഗമായി കിൻഫ്രയും, കെ.എസ്.ഐ.ഡി.സി.യും, ടൂറിസം വകുപ്പും സംയുക്തമായി താഴെ പറയുന്ന ജില്ലകളിൽ ഇൻവെസ്റ്റർ മീറ്റ് സംഘടിപ്പിച്ചിരുന്നു:

(1) ഇൻവെസ്റ്റർ മീറ്റ്, കണ്ണൂർ
(2) ഇൻവെസ്റ്റർ മീറ്റ്, കാസർഗോഡ്
(3) ഇൻവെസ്റ്റർ മീറ്റ്, കോട്ടയം
(4) ഇൻവെസ്റ്റർ മീറ്റ്, തൃശ്ശൂർ
(5) ഇൻവെസ്റ്റർ മീറ്റ്, മലപ്പുറം

പ്രസ്തുത നിക്ഷേപ സംഗമങ്ങളിൽ കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് കിൻഫ്ര വ്യവസായ സംരംഭകരുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

(1) ഇൻവെസ്റ്റർ മീറ്റ്, കണ്ണൂർ

| നം | വ്യവസായ സംരംഭകന്റെ പേര് |
|---|---|
| 1 | ലീലാ സ്കോട്ടിഷ് ലേസ്, മുംബൈ |
| 2 | കേരള ഹാൻഡ്‌ലൂം എക്സ്പോർട്ട് ഓർഗനൈസേഷൻ, കണ്ണൂർ |
| 3 | മാസ്കോട് ഇൻഡസ്ട്രീസ്, കണ്ണൂർ |
| 4 | കണ്ണൂർ ടെക്സ്റ്റൈൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, കണ്ണൂർ |
| 5 | കോസ്ടെക്ക്, കണ്ണൂർ |

മേൽ പറഞ്ഞ വ്യവസായ സംരംഭകർ കണ്ണൂർ ജില്ലയിലെ നാടുകാണിയിൽ കിൻഫ്ര സ്ഥാപിക്കുന്ന ഇന്റഗ്രേറ്റഡ് ടെക്സ്റ്റൈൽ സെന്ററിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിനാണ് ധാരണാപത്രം ഒപ്പുവച്ചത്. പ്രസ്തുത പദ്ധതിയുടെ അടിസ്ഥാന സൗകര്യ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് മേൽ പറഞ്ഞ വ്യവസായ സംരംഭകർക്ക് കിൻഫ്ര ഭൂമി അലോട്ട് ചെയ്യുന്നതാണ്.

(2) ഇൻവെസ്റ്റർ മീറ്റ്, കാസർഗോഡ്

| നം. | വ്യവസായ സംരംഭകന്റെ പേര് |
|---|---|
| 1 | ശ്രീ അബൂബക്കർ. എം.എം., കാസർഗോഡ് |
| 2 | ശ്രീ ചേർക്കളം അബ്ദുള്ള, കാസർഗോഡ് |

| | |
|---|---|
| 3 | ശ്രീ പിസി. ഗോയൽ, വൈസ് പ്രസിഡന്റ്, ആശാപുര മൈൻകെം ലിമിറ്റഡ്, മുംബൈ |
| 4 | ശ്രീ യൂനസ്, കാസർഗോഡ് |
| 5 | ശ്രീ ഷംസു, കാലിക്കറ്റ് |

ഇതിന്റെ തുടർനടപടി എന്ന നിലയിൽ കിൻഫ്ര മേൽ പറഞ്ഞ വ്യവസായ സംരംഭകരിൽ ആശാപുര മൈൻകെം ലിമിറ്റഡ് ഒഴികെയുള്ള വ്യവസായ സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്.

(3) ഇൻവെസ്റ്റർ മീറ്റ്, കോട്ടയം

| നം. | വ്യവസായ സംരംഭകന്റെ പേര് |
|---|---|
| 1 | സൗത്ത് ഇന്ത്യൻ ചേംബർ ഓഫ് കോമേഴ്സ് ആന്റ് ഇൻഡസ്ട്രി, കോട്ടയം |

കോട്ടയത്ത് സ്ഥാപിക്കുന്ന Inland Container Depot യുടെ രണ്ടാം ഘട്ട വികസനമായി ഒരു കയറ്റുമതി അധിഷ്ഠിത വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനാണ് കിൻഫ്ര സൗത്ത് ഇന്ത്യൻ ചേംബർ ഓഫ് കോമേഴ്സ് ആന്റ് ഇൻഡസ്ട്രിയുമായി ധാരണാപത്രം ഒപ്പുവച്ചത്.

(4) ഇൻവെസ്റ്റർ മീറ്റ്, തൃശ്ശൂർ

| നം. | വ്യവസായ സംരംഭകന്റെ പേര് |
|---|---|
| 1 | ഡോർടെക്ക് ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചിൻ |
| 2 | മലബാർ ഫുഡ് സ്റ്റഫ് കമ്പനി, കൊച്ചിൻ |
| 3 | ഡോർസ് ആന്റ് ഇൻഡോർസ്, ദുബായ് |
| 4 | സി.എം.എൽ. ബയോടെക്ക് (പ്രൈവറ്റ്) ലിമിറ്റഡ്, തൃശ്ശൂർ |
| 5 | ഗ്ലാസ് ആന്റ് ക്ലാസ്, തൃശ്ശൂർ |
| 6 | പയനിയർ പേപ്പർ പ്രോഡക്ട്സ്, തൃശ്ശൂർ |

ഇതിന്റെ തുടർനടപടി എന്ന നിലയിൽ കിൻഫ്ര മേൽ പറഞ്ഞ വ്യവസായ സംരംഭകർക്ക് വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്.

(5) ഇൻവെസ്റ്റർ മീറ്റ്, മലപ്പുറം

| നം. | വ്യവസായ സംരംഭകന്റെ പേര് |
|---|---|
| 1 | ലീല ഗ്രൂപ്പ്, മുംബൈ |

ഇവിടെ വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി ലീല ഗ്രൂപ്പ്, മുംബൈ കിൻഫ്രയുമായി ധാരണാപത്രം ഒപ്പുവച്ചിരുന്നു. ഇതുകൂടാതെ കാക്കനാട്ടുള്ള കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്കിൽ അനിമേഷൻ ആന്റ് ഗെയിമിംഗ് പ്രത്യേക സാമ്പത്തിക മേഖലയിൽ വ്യവസായം ആരംഭിക്കുന്നതിന് വേണ്ടി ടൂൺസ് ഇൻഫ്രാസ്ട്രക്ച്ചർ (P) Ltd എന്ന കമ്പനി കിൻഫ്രയുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

# പന്ത്രണ്ടാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം : 274     17-03-2008 -ൽ മറുപടിക്ക്

### കാവേരി നദീജല പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എൻ.ശക്തൻ<br>ശ്രീ. സി.പി മുഹമ്മദ്<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ | | ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) കാവേരി നദീജലം ഉപയോഗിക്കുന്നതിന് കേരളം എത്ര പദ്ധതികളാണ് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചത്; അതിൽ എത്ര പദ്ധതികളുടെ നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചു. | എ) | കാവേരി നദീ ജലം ഉപയോഗിക്കുന്നതിനായി കേരളം 9 പദ്ധതികൾ കേന്ദ്ര ഗവൺമെന്റിന്റെ അനുമതിയ്ക്കായി സമർപ്പിച്ചു. ഇവയിൽ കാരപ്പുഴ ജലസേചന പദ്ധതി, ബാണാസുരസാഗർ വിവിധോദ്ദേശ പദ്ധതി, അട്ടപ്പാടിവാലി ജലസേചന പദ്ധതി എന്നീ പദ്ധതികളുടെ നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചു. |
| ബി) അവയുടെ നിർമ്മാണം ഏത് ഘട്ടത്തിലാണ്; പ്രസ്തുത നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചിട്ട് എത്ര കാലമായി; എത്ര ശതമാനം പണി പൂർത്തിയായി. | ബി) | കാരാപ്പുഴ ജല സേചന പദ്ധതിയുടെ വലതുകര മെയിൻ കനാലിന്റെ പ്രവർത്തി 99.71 %വും ഇടതുകര മെയിൻ കനാലിന്റെ പ്രവർത്തി 99.1%വും പൂർത്തീകരിക്കുകയും ഉപശാഖാകനാലുകളുടെ പണി പുരോഗമിച്ചു വരികയും ചെയ്യുന്നു. ഈ പദ്ധതിയുടെ നിർമ്മാണം 1977 ൽ ആരംഭിച്ചു. കുപ്പാടി ഓഗ്മെന്റേഷൻ സ്കീമിലുള്ള 5 TMC ജലവും, ബാണാസുരസാഗർ പദ്ധതിയ്ക്കായുള്ള 1.77TMCജലവും ഉൾപ്പെടെ 6.7TMC ജലം കബനി ബേസിനിൽ നിന്നും ഉപയോഗിക്കുവാനാണ് ബാണാസുരസാഗർ വിവിധോദ്ദേശ പദ്ധതി കൊണ്ട് വിഭാവനം ചെയ്യുന്നത്. ഈ പദ്ധതിയിൽ നിന്നും ജലസേചന ആവശ്യത്തിനായി 1.7 TMC ജലം ഉപയോഗിക്കാനായുള്ള ബാണാസുര സാഗർ ജലസേചന പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. 2.7 കി.മി നീളമുള്ള മെയിൻ കനാലിന്റെ നീർപ്പാലങ്ങൾ (acqueduct) ഒഴികെ 84% നിർമ്മാണം പൂർത്തായിട്ടുണ്ട്. നീർപ്പാലങ്ങളുടേയും ശാഖാ കനാലുകളുടേയും നിർമ്മാണം പുരോഗമിച്ചുവരുന്നു. ഈ വിവിധോദ്ദേശ പദ്ധതിയുടെ നിർമ്മാണം 1982 ൽ ആരംഭിച്ചു.<br>ഭവാനി ബേസിനിലെ അട്ടപ്പാടിവാലി യുടെ പര്യവേക്ഷണം 1970 ൽ ആരംഭിച്ചെങ്കിലും പ്ലാനിംഗ് കമ്മീഷന്റെ അംഗീകാരം |

ആവശ്യമുള്ളതിനാലും, അന്തർ സംസ്ഥാന നദീജല തർക്കവും, ഫണ്ടിന്റെ അപര്യാപ്തതയും കാരണം 1989 ൽ പദ്ധതിയുടെ പ്രവർത്തികൾ നിർത്തിവച്ചു. 2000-ൽ സംസ്ഥാന ഫണ്ട് ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിച്ചു. ഇൻവെസ്റ്റിഗേഷൻ, പരിസ്ഥിതി ആഘാത പഠനം, സ്ഥലമെടുപ്പ്, ആദിവാസി കുടുംബങ്ങൾക്ക് വീട് നിർമ്മാണം, അടിസ്ഥാന സൗകര്യ നിർമ്മാണം, കനാൽ നിർമ്മാണം എന്നിവ ഭാഗികമായി പൂർത്തിയാക്കിയിട്ടുണ്ട്. നാഷണൽ എൻവയോൺമെന്റ് എഞ്ചിനിയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (NEERI) സമർപ്പിച്ച പരിസ്ഥിതി ആഘാത പഠന റിപ്പോർട്ടിന്റെ കൂടെ അപകട സാദ്ധ്യതാ പഠനം, പ്രകൃതി ദുരന്തങ്ങളുടെ നിയന്ത്രണ പഠനം തുടങ്ങിയ വിവരങ്ങൾ കൂടി ഉൾപ്പെടുത്താൻ കേന്ദ്ര വനം- പരിസ്ഥിതി മന്ത്രാലയം നിർദ്ദേശിച്ചു അനുസരിച്ച് പുതുക്കിയ റിപ്പോർട്ടിനായുള്ള സർവ്വേ നടത്തി വരുന്നു.

സി) അവയ്ക്ക് ഓരോന്നിനും വേണ്ടി ഇതുവരെ എത്ര തുക ചെലവഴിച്ചു; എന്നോക്ക് ഇവയുടെ നിർമ്മാണം പൂർത്തിയാകും ;

സി) കാരാപ്പുഴ പദ്ധതിയ്ക്കായി 25808.24 ലക്ഷം രൂപ 2008 ജനുവരി 31 വരെ ചെലവഴിച്ചു. ഈ പദ്ധതി 2009 ൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് ബാണാസുരസാഗർ പദ്ധതിക്കായി 1966.62 ലക്ഷം രൂപ 2008 ജനുവരി 31 വരെ ചെലവഴിച്ചു. പദ്ധതി 2010-ൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു.

അട്ടപ്പാടിവാലി ഇറിഗേഷൻ പദ്ധതിക്കായി 964.12 ലക്ഷം രൂപ 2008 ഫെബ്രുവരി വരെ ചെലവഴിച്ചു. പുതുക്കിയ പഠന റിപ്പോർട്ടിനാവശ്യമായ സർവ്വേ നടത്തി വരുന്നു.

ഡി) ഇവയുടെ നിർമ്മാണം പൂർത്തിയായാൽ കാവേരി നദിൽ നിന്ന് സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള ജലത്തിന്റെ എത്ര ശതമാനം ഉപയോഗിക്കുവാൻ കഴിയും?

ഡി) കാരാപ്പുഴ പദ്ധതിയും ബാണാസുരസാഗർ വിവിധോദ്ദേശ പദ്ധതിയും പൂർത്തിയായാൽ കാവേരി നദിയിൽ നിന്നും സംസ്ഥാനത്തിന് അനുവദിച്ച ജലത്തിന്റെ 31,67% ഉപയോഗിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 275 — 17.03.2008-ൽ മറുപടിക്ക്

## കുടുംബക്ഷേമ പദ്ധതി പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ<br>പ്രൊഫ. സി.രവീന്ദ്രനാഥ്<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു | ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ കുടുംബക്ഷേമ പദ്ധതി പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഈ രംഗത്ത് കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ വ്യക്തമാക്കുമോ; | എ) കുടുംബക്ഷേമ പദ്ധതി പ്രവർത്തനങ്ങളുടെ സംസ്ഥാന ജില്ലാ തല വിലയിരുത്തൽ എല്ലാ മാസവും നടത്തുന്നുണ്ട്.<br>കുടുംബക്ഷേമ പദ്ധതി പ്രവർത്തനങ്ങളുടെ നേട്ടങ്ങൾ താഴെ ചേർക്കുന്നു.<br>2006-07 വർഷത്തിൽ നടത്തിയ പുരുഷ-സ്ത്രീ വന്ധ്യംകരണ ശസ്ത്രക്രിയകൾ താഴെ ചേർക്കുന്നു. |

| | |
|---|---|
| എൻ.എസ്.വി. | 875 |
| പി.പി എസ് | 113844 |
| മിനിലാപ് | 6186 |
| ലാപ്റോസ്കോപിക് സ്റ്റെറിലൈസേഷൻ | 14626 |
| ഐ.യു.ഡി.ഇൻസെർഷൻ | 69192 |
| കോണ്ടം | 11017675 |
| ഓറൽപിൽസ് | 383671 |

2006-07 വർഷം നടത്തിയ കുട്ടികളുടെ പ്രതിരോധകുത്തിവയ്പുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| ബി സി.ജി. | 536925 (95%) |
| ഡി.പി.റ്റി.3 | 526300 (93%) |
| ഓ . പി വി.3 | 522666 (92%) |
| മീസിൽസ് | 500046 (88%) |
| ഫുള്ളി ഇമ്മ്യൂണൈസ്ഡ് | 484591 (85%) |
| സ്റ്റെറിലൈസേഷൻ | 135533 (83%) |

ബി) നടപ്പുവർഷം കുടുംബക്ഷേമ പദ്ധതികൾക്കായി കേന്ദ്ര സർക്കാർ എന്തു തുക അനുവദിച്ചു; അതിൽ എത്ര കോടി ചെലവാക്കി;

ബി) നടപ്പു സാമ്പത്തിക വർഷം കുടുംബക്ഷേമ പദ്ധതികൾക്കായി കേന്ദ്ര തുകയായി 8463.28 ലക്ഷം രൂപ ലഭിച്ചു. എന്നാൽ 2008 ജനുവരി മാസം വരെ 9413.41588 ലക്ഷം രൂപ ചെലവായി അധിക തുക കേന്ദ്ര ഗവൺമെന്റ് റീഇംബേഴ്സ് ചെയ്യുന്നതാണ്.

എൻ.ആർ.എച്ച്.എം വഴി നടപ്പു സാമ്പത്തിക വർഷം കുടുംബക്ഷേമ പദ്ധതികൾക്കായി 2700.6 ലക്ഷം രൂപ അനുവദിച്ചു. ഇനം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

മെറ്റേണൽ ഹെൽത്ത്

| | |
|---|---|
| (ജെ.എസ്.വൈ ഉൾപ്പെടെ) | 974.88 |
| ചൈൽഡ് ഹെൽത്ത് | 121.27 |
| കുടുംബാസൂത്രണം | 18.61 |
| അഡോളസെന്റ് ഹെൽത്ത് | 191.39 |
| അർബൻ ഹെൽത്ത് | 326.66 |
| ട്രൈബൽ ഹെൽത്ത് | 278.37 |
| പബ്ളിക് പ്രൈവറ്റ് പാർട്ട്നർഷിപ്പ്/ ജൻഡർ വൾണറബിൾ ഗ്രൂപ്പ് | 463.42 |
| ഇമ്മ്യൂണൈസേഷൻ | 326.00 |
| ആകെ | 2700.6 ലക്ഷം രൂപ |

ഇതിൽ 1492.53 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്

| | |
|---|---|
| മെറ്റേണൽ ഹെൽത്ത് | 1024.30 (ജെ.എസ്.വൈ) |
| കുടുംബാസൂത്രണം | 57.12 |
| അഡോളസെന്റ് ഹെൽത്ത് | 4.76 |
| ട്രൈബൽ ഹെൽത്ത് | 9.78 |
| പബ്ളിക് പ്രൈവറ്റ് പാർട്ട്ണർഷിപ്പ് /വൾണറബിൾ | 143.85 |
| ജെൻഡർ | 3.27 |
| ഇമ്മ്യൂണൈസേഷൻ | 249.45 |
| ആകെ | 1492.53 ലക്ഷം രൂപ |

| | |
|---|---|
| | |
| സി) ഈ വർഷം പദ്ധതി ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ? | കഴിഞ്ഞ 9 മാസം ലക്ഷ്യമിട്ടിട്ടുള്ളതിന്റെ 90ശതമാനത്തിനുമുകളിൽ വിവിധ ഘടകങ്ങളിൽ നേട്ടം കൈവരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.276 17/03/2006-ൽ മറുപടിയ്ക്ക്

## ആരോഗ്യ മേഖലയിലെ അഴിമതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.എം.ദിനേശ് മണി<br>ശ്രീ.പി.ജയരാജൻ<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.എം.ഹംസ<br>ശ്രീ.എം.ചന്ദ്രൻ | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും<br>വകുപ്പ് മന്ത്രി) |

(എ) ആരോഗ്യമേഖല അഴിമതി വിമുക്തമാക്കുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ;

(എ) ആരോഗ്യ വകുപ്പിനെ അഴിമതി വിമുക്തമാക്കുന്നതിനായി ആരോഗ്യ വകുപ്പു ഡയറക്ടറുടെ കീഴിൽ ആരോഗ്യ വകുപ്പു അഡീഷണൽ ഡയറക്ടറുടെ (വിജിലൻസ്) നേതൃത്വത്തിൽ ഒരു വിജിലൻസ് വിഭാഗം പ്രവർത്തിച്ചുവരുന്നു. എല്ലാതരത്തിലുമുള്ള വീഴ്ചകൾ ശ്രദ്ധയിൽപ്പെടുമ്പോൾ അടിയന്തിര അന്വേഷണം നടത്തുകയും കുറ്റകൃത്യത്തിന്റെ ഗുരുതര സ്വഭാവം അനുസരിച്ച് ബന്ധപ്പെട്ട തലങ്ങളിൽ നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി മാർഗ്ഗ നിർദ്ദേശങ്ങൾ യഥാസമയം നൽകാറുമുണ്ട്. ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ പ്രവർത്തനക്ഷമത വിലയിരുത്തുന്നതിനായി മിന്നൽ

(തുടർച്ച . . . . . )

പരിശോധനകൾ നടത്തി നടപടികൾ സ്വീകരിക്കാറുണ്ട്. ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ് എന്നിവിടങ്ങളിൽ വകുപ്പുതല വിജിലൻസ് സെൽ പ്രവർത്തിക്കുന്നുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിൻ കീഴിൽ ഉള്ള എല്ലാ ആശുപത്രികളിലും സർക്കാർ നിർദ്ദേശ പ്രകാരം വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയുടെ നിർദ്ദേശങ്ങൾ പ്രദർശിപ്പിച്ചിട്ടുണ്ട്.

| | |
|---|---|
| (ബി) ഡോക്ടർമാർ കൈക്കൂലി വാങ്ങിയതുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കേസുകൾ രജിസ്റ്റർ ചെയ്തു ;<br><br>(സി) അതിൽ എത്ര കേസുകളിൽ കുറ്റം തെളിയിക്കാൻ കഴിഞ്ഞു; | (ബി) യും (സി) യും<br>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഒരാളുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്യുകയും തിരുവനന്തപുരം എസ്.എ.റ്റി.ആശുപത്രിയിൽ കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ ഏഴുപേരെ സസ്പെൻഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ആലപ്പുഴ, കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഓരോ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നു വരുന്നു. ആരോഗ്യ വകുപ്പു ഡയറക്ടറുടെ കാര്യാലയത്തിൻ കീഴിലുള്ള ആശുപത്രികളിൽ നാല് കേസുകൾ രജിസ്റ്റർ ചെയ്ത് വിജിലൻസ് അന്വേഷണം നടന്നു വരുന്നു. |

(തുടർച്ച . . . . . )

| | | | |
|---|---|---|---|
| (ഡി) | സർക്കാർ ഡോക്ടർമാരുടെ പ്രൈവറ്റ് പ്രാക്ടീസ് അവസാനിപ്പിക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ നയം വ്യക്തമാക്കുമോ ; | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |
| (ഇ) | ആശുപത്രികളിലെ ഒ.പി. സമയം വെളിപ്പെടുത്തുമോ; ഒ.പി.ദിവസങ്ങളിൽ ഉച്ചയ്ക്ക് ശേഷം ഒ.പി.യിൽ ഹാജരാകാത്ത ഡോക്ടർമാർക്കെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാവുമോ ; | (ഇ) | പ്രാന്തപ്രദേശങ്ങളിലുള്ള ആശുപത്രികളിലെ ഒ.പി.സമയം രാവിലെ ഒൻപത് മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെയും ഉച്ചയ്ക്ക് ശേഷം 2 മണി മുതൽ 3 മണിവരെയുമാണ് - മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിൻ കീഴിലുള്ള ആശുപത്രികളിൽ രാവിലെ 8 മണി മുതൽ ഒരുമണിവരെയാണ് ഒ.പി.സമയം ഉച്ചയ്ക്ക് ശേഷം അവിടങ്ങളിൽ ഒ.പി. പ്രവർത്തിക്കാറില്ല. |
| (എഫ്) | ആരോഗ്യ വകുപ്പിന്റെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനായി പ്രത്യേക വിജിലൻസ് സെൽ രൂപീകരിക്കുമോ ? | (എഫ്) | തല്ക്കാലം ഉദ്ദേശ്യമില്ല. നിലവിലുള്ള സംവിധാനം പര്യാപ്തമാണ്. |

സെക്ഷൻ ഓഫീസർ.

പതിനൊന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.277 17/03/2006-ൽ മറുപടിയ്ക്ക്

## നഴ്സിംഗ് വിദ്യാഭ്യാസ സൗകര്യങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി.കെ.എസ്.സലീഖ<br>ശ്രീമതി.കെ.കെ.ലതിക<br>ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ.കെ.ടി.ജലീൽ<br>ശ്രീ.കെ.വി.കുഞ്ഞിരാമൻ | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) സർക്കാർ മേഖലയിൽ നഴ്സിംഗ് വിദ്യാഭ്യാസ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | (എ) സർക്കാർ മേഖലയിൽ നഴ്സിംഗ് വിദ്യാഭ്യാസ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇതിനായി സർക്കാർ ഉടമസ്ഥതയിലുള്ള ഐ.എച്ച്.ആർ.ഡി.ഇ., എൽ.ബി.എസ്. എന്നീ സ്ഥാപനങ്ങളുടെ മാതൃകയിൽ ഒരു സ്വയംഭരണ സൊസൈറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) എല്ലാ ജില്ലകളിലും നഴ്സിംഗ് കോളേജുകൾ ആരംഭിച്ചിട്ടുണ്ടോ ; | (ബി) ഇല്ല. അഞ്ചു സർക്കാർ മെഡിക്കൽ കോളേജുകൾക്കൊപ്പമാണ് നിലവിൽ സർക്കാർ നഴ്സിംഗ് കോളേജുകൾ പ്രവർത്തിച്ചുവരുന്നത്. |

(തുടർച്ച.....)

| | | | |
|---|---|---|---|
| (സി) | സർക്കാർ മേഖലയിൽ പുതിയ നഴ്സിംഗ് കോളേജുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (സി) | ഉണ്ട്. വിശദാംശങ്ങൾ തയ്യാറാക്കിവരുന്നതേയുള്ളൂ. |
| (ഡി) | നഴ്സിംഗ് കോളേജുകളിലെ സീറ്റുകൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ? | (ഡി) | പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.278 17/03/2008-ൽ മറുപടിയ്ക്ക്

## ദേശീയ കുഷ്ഠരോഗ നിവാരണ പരിപാടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ജെ.ജേക്കബ്<br>ശ്രീ.ബി.രാഘവൻ<br>ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീ.സി.കെ.സദാശിവൻ | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും<br>വകുപ്പ് മന്ത്രി) |
| (എ) ദേശീയ കുഷ്ഠരോഗ നിവാരണ പരിപാടിയുടെ ഭാഗമായി ആരോഗ്യ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; | (എ) കുഷ്ഠരോഗ വിമുക്ത ഭാരതം എന്ന ലക്ഷ്യത്തോട് കൂടിയാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. കുഷ്ഠരോഗം ആരംഭത്തിൽത്തന്നെ കണ്ടുപിടിക്കുന്നതിനായി ആരോഗ്യ വകുപ്പിലെ ഫീൽഡ് വർക്കർമാർ പ്രവർത്തിച്ചു വരുന്നു. രോഗം പരിപൂർണ്ണമായി ഭേദമാകുന്നതുവരെ സൗജന്യ ചികിത്സയാണ് ലഭ്യമാക്കുന്നത്. അംഗവൈകല്യം തടയുന്നതിന് ഉള്ള ശസ്ത്രക്രിയകൾ പൂർണ്ണമായും സൗജന്യമാണ്. കുഷ്ഠരോഗത്തിന്റെ ഭാഗമായുണ്ടാകുന്ന വ്രണങ്ങൾ തടയുന്നതിനായി മൈക്രോ സെല്ലുലർ റബ്ബർ ചെരുപ്പുകൾ ആവശ്യാനുസരണം ലഭ്യമാക്കുന്നുണ്ട്. ചികിത്സ പൂർത്തിയാക്കിയ രോഗികളെ ആരോഗ്യ പ്രവർത്തകർ ഇടയ്ക്കിടെ സന്ദർശിച്ച് രോഗം പൂർണ്ണമായും |

(തുടർച്ച്

| | |
|---|---|
| | ഭേദമായെന്ന് ഉറപ്പ് വരുത്തുന്നു. ദാരിദ്ര്യ രേഖക്ക് താഴെയുള്ള രോഗികളുടെ അംഗവൈകല്യം തടയുന്നതിനുള്ള ശസ്ത്രക്രിയക്ക 5000 രൂപയുടെ ധനസഹായം നൽകുന്നുണ്ട്. ആരോഗ്യ ബോധവൽക്കരണ പരിപാടികളും നടത്തിവരുന്നു.<br><br>ദേശീയ തലത്തിൽ ഇപ്പോൾ കുഷ്ഠരോഗികളുടെ എണ്ണം ഒരു പൊതുജനാരോഗ്യ പ്രശ്നമായി കണക്കാക്കേണ്ടാത്ത തരത്തിൽ കുറഞ്ഞിട്ടുണ്ട്. |
| (ബി) കുഷ്ഠരോഗ പ്രതിരോധത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; | (ബി) കുഷ്ഠരോഗത്തിന് വാക്സിൻ കണ്ടുപിടിച്ചിട്ടില്ലാത്തതിനാൽ രോഗ പ്രതിരോധ പ്രവർത്തനങ്ങൾ ബുദ്ധിമുട്ടുള്ളതാണ്. രോഗം തുടക്കത്തിൽത്തന്നെ കണ്ടുപിടിക്കുകയും ഉടൻതന്നെ ചികിത്സ ലഭ്യമാക്കുകയും ചെയ്താൽ രോഗം പകരുന്നത് തടയാൻ സാധിക്കും. ബോധവൽക്കരണത്തിലൂടെ രോഗികൾ സ്വമേധയാ മുന്നോട്ട് വന്ന് ചികിത്സ നേടാൻ പ്രേരിപ്പിക്കുക എന്നതാണ് പുതിയ നയം. കുഷ്ഠരോഗത്തിന് 'ആധുനിക ചികിത്സയിലൂടെ പൂർണ്ണശമനം ലഭിക്കും' എന്ന ആശയം ജനങ്ങളിലേക്ക് എത്തിക്കുകയാണ് ലക്ഷ്യമിടുന്നത്. അതിനുവേണ്ടി ഒരു വർഷം നീണ്ടു നിൽക്കുന്ന |

(തുടർച്ച് ...)

ബോധവൽക്കരണ പരിപാടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഇതിന്റെ ഉദ്ഘാടനം 2008 മാർച്ച് ഒന്നിന് നടത്തുകയുണ്ടായി. ഇതിന് ദൃശ്യ മാധ്യമങ്ങളിൽ കൂടിയും പത്ര മാധ്യമങ്ങളിൽ കൂടിയും പ്രചരണം നടത്തുകയുണ്ടായി. ഇതു കൂടാതെ മൂന്ന് സർക്കാർ ലെപ്രസി ആശുപത്രികൾക്കുമായി 5.5. ലക്ഷം രൂപ മരുന്നുവാങ്ങുന്നതിനായി പ്ലാൻ ഫണ്ടിൽ നിന്ന് അനുവദിച്ചിട്ടുണ്ട്. ഡോക്ടർമാർക്കും രോഗികൾക്കും ട്രെയിനിംഗ് നൽകുന്നതിലേക്കായി 3 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. സാധാരണ ജനങ്ങൾക്ക് കുഷ്ഠ രോഗത്തെക്കുറിച്ച് അവബോധം കൂട്ടാൻ വേണ്ടി ശിൽപശാലകൾ സംഘടിപ്പിക്കുവാനായി സ്റ്റേറ്റ് മാസ് മീഡിയ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സർക്കാർ ആശുപത്രികളിലും അൾസർ കെയർ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനായി സൂപ്രണ്ടുമാരെ ചുമതലപ്പെടുത്തി.

(സി) കുഷ്ഠരോഗം കണ്ടെത്തുന്നതിന് ക്യാമ്പുകൾ സംഘടിപ്പിക്കാറുണ്ടോ; ഇതിനായി ഈ വർഷം എത്ര ക്യാമ്പുകൾ നടത്തി ;

(സി) ആരോഗ്യ മേളയോടനുബന്ധിച്ച് എല്ലാ ജില്ലകളിലും 2 ത്വക്ക് രോഗ ക്യാമ്പുകൾ വീതം നടത്തി.

| | | |
|---|---|---|
| (ഡി) | സംസ്ഥാനത്ത് എത്ര കുഷ്ഠ രോഗികൾ ഉണ്ടെന്ന് വ്യക്തമാക്കുമോ . | (ഡി) മുതിർന്നവർ:<br>പോസിബാസ്സിലറി 222 പേർ<br>മൾട്ടി ബാസ്സിലറി 566 പേർ<br>ആകെ 788 പേർ<br>കുട്ടികൾ:<br>പോസിബാസ്സിലറി 53 പേർ<br>മൾട്ടിബാസ്സിലറി 14 പേർ<br>ആകെ 67 പേർ<br>മൊത്തം – 855 പേർ |
| (ഇ) | കുഷ്ഠരോഗികളുടെ ചികിത്സയ്ക്കും പുനരധിവാസത്തിനുമായി നിലവിലുള്ള സംവിധാനം ശക്തിപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ? | (ഇ) ഇതിനുള്ള നടപടികൾ എടുത്തു വരുന്നുണ്ട്. 23/7/2007-ൽ ആരോഗ്യ വകുപ്പു മന്ത്രിയുടെ അധ്യക്ഷതയിൽ ഇതിനായി ജനപ്രതിനിധികൾ ഉൾപ്പെട്ട യോഗം വിളിച്ചുകൂട്ടുകയും വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും വിശദമായ കർമ്മ പദ്ധതി തയ്യാറാക്കി സമർപ്പിക്കുന്നതിനായി ആശുപത്രി സൂപ്രണ്ടുമാരെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

12-ാം കേരള നിയമസഭ
7-ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 279 17.3.2008-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി വർക്ക്ഷോപ്പുകൾ പുനരുജ്ജീവിപ്പിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.കെ.ദിവാകരൻ<br>ശ്രീ. അൽഫോൺസ് കണ്ണന്താനം<br>ശ്രീ. എം. ഹംസ<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീ വി.എൻ. വാസവൻ | ശ്രീ. മാത്യു .ടി. തോമസ്<br>ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പ് മന്ത്രി |

| | | | |
| --- | --- | --- | --- |
| (എ) | കെ.എസ്.ആർ.ടി.സി വർക്ക്ഷോപ്പുകൾ പുനരുജ്ജീവിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) | വർക്ക്ഷോപ്പുകൾ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി ഇടക്കാലത്ത് നിർത്തിവെച്ചിരുന്ന ബോഡി ബിൽഡിംഗ് പുനരാരംഭിച്ചു. ഇതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി യുടെ അഞ്ച് വർക്ക്ഷോപ്പുകളിലും ബോഡി നിർമ്മാണം ആരംഭിച്ചു. ഇതിനാവശ്യമായ യന്ത്ര സാമഗ്രികൾ വാങ്ങുകയും ആവശ്യമായ ജീവനക്കാരെ പി.എസ്.സി യും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും ലഭ്യമല്ലാതിരുന്നതിനാൽ താൽക്കാലികാടിസ്ഥാനത്തിൽ പുറമെ നിന്നും നിയോഗിക്കുകയും ചെയ്തു. 10.3.2008 വരെ 496 ബസ്സുകൾ സ്വന്തമായി ബോഡി നിർമ്മിച്ച് പുറത്തിറക്കുകയും ചെയ്തു. |
| (ബി) | ബസ്സുകളുടെ ബോഡി നിർമ്മാണം പൂർണ്ണമായും കെ.എസ്.ആർ.ടി.സി വർക്ക്ഷോപ്പുകളിൽ നടത്താൻ കഴിയുന്നുണ്ടോ; എങ്കിൽ ഇതുമൂലം കൈവരിക്കാനായ നേട്ടം | (ബി) | എ.സി ബസ്സുകൾ ഒഴികെ മറ്റെല്ലാത്തരം ബസ്സുകളുടെയും ബോഡി നിർമ്മാണം പൂർണ്ണമായും കെ.എസ്.ആർ.ടി.സി വർക്ക്ഷോപ്പുകളിൽ നടത്താൻ കഴിയുന്നുണ്ട്. |

| | | | |
|---|---|---|---|
| | വ്യക്തമാക്കുമോ? | | ബോഡി ബിൽഡിംഗ് പുനരാരംഭിച്ചതിനുശേഷം 10.3.2008 വരെ 493 ബസ്സുകൾ കോർപ്പറേഷന്റെ വിവിധ വർക്ക്ഷോപ്പുകളിലായി ബോഡി നിർമ്മിച്ച് നിരത്തിലിറക്കിയിട്ടുണ്ട്. മുൻപ് കോർപ്പറേഷന്റെ സൗകര്യം ഉപയോഗിച്ച് അവസാനമായി നിർമ്മിച്ച ആർ ഹൈടെക്ക് ബസ്സുകൾക്ക് ബസ്സ് ഒന്നിന് ഓവർ ഹെഡടക്കം 6,09,244/- രൂപ ചെലവായിട്ടുണ്ട്. എന്നാണ് കണക്കാക്കിയിരുന്നത്. സാധാരണ ബസ് ഒന്ന് നിർമ്മിച്ചതിന് 4,49,946/- രൂപ ഓവർ ഹെഡടക്കം ചിലവായിട്ടുണ്ട്. ഹൈടെക്ക് ബോഡി പുറത്ത് നിർമ്മിച്ചതിന് ശരാശരി 6,29,000/- രൂപ ചെലവായിട്ടുണ്ട്. എന്നാൽ കൂടുതൽ ബസ്സുകൾ കെ.എസ്.ആർ.ടി.സി വർക്ക്ഷോപ്പിൽ ബോഡി നിർമ്മിക്കാൻ സാധിച്ചതുമൂലം മുൻകാലത്തേക്കാൾ ബോഡി ബിൽഡിംഗ് മെറ്റീരിയൽസിന്റെ നൂറ് ശതമാനത്തിലധികം വിലവർദ്ധനവ് ഉണ്ടായിട്ടും ബോഡിനിർമ്മാണ ചെലവിൽ ഗണ്യമായ കുറവ് കൈവരിക്കുവാൻ സാധിച്ചു.<br><br>ഇപ്പോൾ സൂപ്പർഫാസ്റ്റ് ബസ് ഒന്നിന് ശരാശരി 4,15,230/- രൂപയും, ഫാസ്റ്റ് ബസ് ഒന്നിന് ശരാശരി 3,99,962/- രൂപയും, മലബാർ ബസ് ഒന്നിന് ശരാശരി 3,57,873/- രൂപയും അനന്തപുരി ബസ് ഒന്നിന് ശരാശരി 3,88.703 രൂപയും. ഓർഡിനറി കട്ട് ചേസ് ലൈലാന്റ് ബസിന് 2,99.375/- രൂപയും, ഓർഡിനറി കട്ട് ചേസ് |

| | | | | |
|---|---|---|---|---|
| | | | | ടാറ്റ ബസിന് 2,97,805/- രൂപയുമാണ്, ഓവർ ഹെഡടക്കം ബോഡി നിർമ്മാണത്തിന് ചെലവാകുന്നത്.<br><br>ഈ വകയിൽ ബോഡി നിർമ്മാണം കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകളിൽ നടത്താൻ കഴിഞ്ഞതുമൂലം ഉദ്ദേശം 5.6 കോടിയോളം രൂപയുടെ ലാഭം ഇതിനോടകം ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 280, | 17-3-2008 -ൽ മറുപടിക്ക് |
|---|---|

## കേരള ഹെൽത്ത് റിസേർച്ച് ആൻഡ് വെൽഫെയർ സൊസൈറ്റി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ജെ. അരുന്ധതി<br>ശ്രീ. സി.എം. ദിനേശ് മണി<br>ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. എ.എം. യൂസഫ്<br>ശ്രീ. ബി.ഡി. ദേവസ്സി | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) കേരള ഹെൽത്ത് റിസേർച്ച് ആൻഡ് വെൽഫെയർ സൊസൈറ്റിയുടെ പ്രവർത്തനം, സർക്കാർ ആശുപത്രികളിൽ പേവാർഡ് സൗകര്യം ലഭ്യമാക്കുന്നതിന് എത്ര മാത്രം പ്രയോജനപ്പെട്ടിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) സർക്കാർ ആശുപത്രികളിൽ സംസ്ഥാന വ്യാപകമായി പേവാർഡുകൾ ഏർപ്പെടുത്തിയിരിക്കുന്നത് KHRWS ആണ്. ഈ പേ വാർഡുകൾ ജനങ്ങൾക്ക് പ്രയോജനകരമാണെന്ന് കണ്ടിട്ടുണ്ട്. |
| ബി) എത്ര ആശുപത്രികളിൽ കെ.എച്ച്.ആർ.ഡബ്ല്യു.എസ്. പേവാർഡുകൾ നിർമ്മിച്ചിട്ടുണ്ട്; | (ബി) 85 |
| (സി) പേവാർഡുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; | (സി) കഴിഞ്ഞ 6 മാസത്തിനുള്ളിൽ 20 സർക്കാർ ആശുപത്രികളിലെ പേവാർഡുകൾ നവീകരിച്ചു. 5 എണ്ണം കൂടി നവീകരിക്കുന്നു. കോഴിക്കോട്ടും തിരുവനന്തപുരത്തും എ.സി.റൂമുകൾ ഏർപ്പെടുത്തുന്നു. |

| | |
|---|---|
| (ഡി) ജനതാ ഫാർമസികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) 15 വർഷത്തിനുശേഷം പുതിയ ഫാർമസികൾ 2 എണ്ണം 2007-ൽ തുറന്നു. മറ്റ് 5 എണ്ണം 2008-ൽ തുറക്കുന്നു. ഇതിൽ ജനതാ ഫാർമസികൾ കൂടി ഉൾപ്പെടുത്തി യിട്ടുണ്ട്. |
| (ഇ) സൊസൈറ്റിയുടെ ഗവേർണിംഗ് ബോഡി ഏറ്റവും അവസാനം യോഗം കൂടിയത് എന്നാണ്; | (ഇ) 22-07-2007-ൽ |
| (എഫ്) ഗവേർണിംഗ് ബോഡി യോഗം വിളിച്ചു കൂട്ടുന്നതിന് നടപടി സ്വീകരിക്കുമോ; സൊസൈറ്റിയുടെ പ്രവർത്തന മേഖല വിപുലീകരിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ? | (എഫ്) 2008 ഏപ്രിൽ മാസത്തിൽ ഗവേണിംഗ് ബോഡി യോഗം കൂടുന്നുണ്ട്. വിവിധ സ്കീമുകൾ പ്രകാരം ആധുനിക കെട്ടിടങ്ങളും മെഡിക്കൽ ഇൻവെസ്റ്റിഗേഷനാവശ്യമായ മെഷീനുകളും 100-ലധികം സ്ഥലങ്ങളിൽ ഒന്നൊന്നായി 2009 മാർച്ചു വരെ തുറന്നു കൊടുക്കുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു. കൂടുതൽ ലാബുകളും ചികിത്സാ മെഷീനുകളും വിവിധ ആശുപത്രികളിൽ സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ട്. ഹെൽത്ത് ടൂറിസം രംഗത്ത് പ്രവേശിക്കുന്നതിനും KHRWS ന് പദ്ധതി യുണ്ട്. BPL-കാർക്ക് സൗജന്യമായും മറ്റുള്ളവരിൽ നിന്നും കൺസ്യൂമെബിൾസിന്റെ ചാർജ്ജ് മാത്രം വാങ്ങി കുറഞ്ഞ നിരക്കിൽ ലാബുകളുടെ സേവനം നൽകുന്നത് വ്യാപകവും വിപുലവും ആക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: T * 281 | 17.03.2008-ൽ മറുപടിക്ക്

**" മലിനീകരണ നിയന്ത്രണ പദ്ധതികൾ "**

| ചോദ്യം: | ഉത്തരം: |
| --- | --- |
| ശ്രീ. രാജാജി മാത്യു തോമസ് | ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ |
| ശ്രീ. എൻ. രാജൻ | (ആരോഗ്യവും സാമൂഹ്യ ക്ഷേമവും വകുപ്പ് മന്ത്രി) |
| ശ്രീ. മാങ്കോട് രാധാകൃഷ്ണൻ | |
| ശ്രീ. വി. സ് സുനിൽ കുമാർ | |

| | | |
| --- | --- | --- |
| (എ) | മലിനീകരണ നിയന്ത്രണത്തിനുള്ള എന്തെല്ലാം പദ്ധതികളാണ് ഇപ്പോൾ നടപ്പാക്കിവരുന്നത്; | (എ) മലിനീകരണ നിയന്ത്രണത്തിനായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡു വഴി ജലനിയമവും വായു നിയമവും പരിസ്ഥിതി സംരക്ഷണ നിയമവും ചട്ടങ്ങളും സംസ്ഥാനത്ത് നടപ്പാക്കി വരുന്നു.<br><br>ജല മലിനീകരണ (നിവാരണവും നിയന്ത്രണവും) നിയമപ്രകാരവും വായു മലിനീകരണ (നിവാരണവും നിയന്ത്രണവും) നിയമ പ്രകാരവും ബോർഡ് വ്യവസായങ്ങളിലും ആശുപത്രികളിലും ഹോട്ടലുകളിലും ബഹുനില കെട്ടിടങ്ങളിലും വലിയ ആവാസകേന്ദ്രങ്ങളിലും ഹൗസ് ബോട്ടുകളിലും മറ്റും മലിനീകരണം ഇല്ലാതാക്കാനും ലഘൂകരിക്കാനുമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിക്കുകയും അവയുടെ പ്രവർത്തനം പരി |

ശോധിച്ച് ഉറപ്പ് വരുത്തുകയും ചെയ്യുന്നു. വ്യവസായങ്ങളും മറ്റു സ്ഥാപനങ്ങളും ഉചിതമായ സ്ഥലങ്ങളിൽ സ്ഥാപിക്കാൻ സ്ഥാപനാനുമതി പത്രവും പ്രവർത്തനത്തിന് നിബന്ധനകളോടുകൂടിയ പ്രവർത്തനാനുമതി പത്രവും നൽകുന്നു. അനുമതി പത്രത്തിലെ നിബന്ധനകൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധനകൾ വഴി ഉറപ്പു വരുത്തുന്നു. കരിങ്കൽ ക്വാറികളേയും മൊബൈൽ ടവറുകളെയും ബോർഡിന്റെ നിയന്ത്രണത്തിൽ കൊണ്ടുവന്നു. ആശുപത്രികളിൽ നിന്നുള്ള ബയോ മെഡിക്കൽ മാലിന്യങ്ങൾ ബയോ മെഡിക്കൽ വേസ്റ്റ് റൂൾസ് അനുശാസിക്കും പ്രകാരം തരം തിരിച്ച് സംസ്കരിച്ച് നിർമ്മാർജനം ചെയ്യാനുള്ള നടപടികൾ എടുപ്പിക്കുന്നു. പലയിടത്തും ആശുപത്രികൾ സ്വന്തമായി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഗുരുതരമായ ലംഘനം നടത്തുന്നവർക്ക് അടച്ചുപൂട്ടൽ ഉത്തരവ് നൽകുകയോ പ്രോസിക്യൂഷൻ നടപടികൾ ആരംഭിക്കുകയോ ചെയ്യുന്നു.

നഗര ഖരമാലിന്യങ്ങൾ മുനിസിപ്പൽ സോളിഡ് വേസ്റ്റ് റൂൾസ് പ്രകാരം തരം തിരിച്ച് ശേഖരിച്ച്, സംസ്കരിച്ച്, നിർമ്മാർജ്ജനം ചെയ്യേണ്ടതിനുള്ള നിർദ്ദേശങ്ങൾ തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകുകയും അവരെക്കൊണ്ട് അതിനുള്ള നടപടികൾ എടുപ്പിക്കുകയും ചെയ്യുന്നു. ഖരമാലിന്യ സംസ്കരണ പ്ലാന്റിനുള്ള പദ്ധതികൾ വിശകലനം ചെയ്ത് നിർദ്ദേശങ്ങൾ നൽകുന്നു.

അറവുശാലകളിൽ മതിയായ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർ

പ്പെടുത്തിക്കാൻ നടപടികൾ എടുത്തുവരുന്നു. പ്ലാസ്റ്റിക് ക്യാരിബാഗുകൾ മൂലമുള്ള പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെയും കണ്ടെയ്നറുകളുടെയും കുറഞ്ഞ ഘനം 30 മൈക്രോണായി നിജപ്പെടുത്തി ബോർഡ് വിജ്ഞാപനമിറക്കി. ആയത് 50 മൈക്രോണായി ഉയർത്താൻ ബോർഡ് നടപടികൾ കൈക്കൊണ്ടുവരുന്നു. പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെയും കണ്ടെയ്നറുകളുടെയും ഉല്പാദനം ബോർഡ് നിയന്ത്രിക്കുന്നു.

പെരിയാറിന്റെയും വേമ്പനാട് കായലിന്റെയും പുനരുദ്ധാരണത്തിനും സംരക്ഷണത്തിനും വേണ്ടി വിശദ പദ്ധതി തയ്യാറാക്കാൻ റൂർക്കി ഐ. ഐ. റ്റി യുമായി ആലോചിച്ചു വരുന്നു.

ശബരിമലയിലും പമ്പയിലും ഇന്ന് നിലവിലുള്ള മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങളുടെ അപര്യാപ്തത ദേവസ്വം ബോർഡിന്റെ ശ്രദ്ധയിൽ കൊണ്ടു വരികയും നടപടികൾ എടുപ്പിക്കുകയും ചെയ്യുന്നു. പമ്പാ നദിയുടെ മലിനീകരണം തടയാൻ മലിനീകരണ നിയന്ത്രണ ബോർഡ് തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ച പമ്പാ ആക്ഷൻ പ്ലാനിന്റെ ആദ്യ ഘട്ടം അനുവദിച്ചു കിട്ടിയത് കേരള വാട്ടർ അതോറിറ്റി നോഡൽ ഏജൻസിയായി നടപ്പാക്കി വരുന്നു.

അപകടകാരികളായ പാഴ്വസ്തുക്കൾ നിർമ്മാർജ്ജനം ചെയ്യാൻ എറണാകുളത്തെ അമ്പലമുകളിൽ എഫ്.എ.സി.റ്റി. കൊച്ചിൻ ഡിവിഷന്റെ അധീനതയിലുള്ള സ്ഥലത്ത് ഒരു പൊതുസംസ്ക്കരണ

നിർമ്മാർജ്ജന സംവിധാനം ഏർപ്പെടുത്തിക്കാൻ നടപടികൾ കൈക്കൊണ്ടു. ഈ സംവിധാനം ഏതാണ്ട് പ്രവർത്തന സജ്ജമായിട്ടുണ്ട്.

കോഴിക്കോട് കോർപ്പറേഷനിൽ ഒരു മാതൃകാ ഖരമാലിന്യ സംസ്കരണ പ്ലാന്റിന് ബോർഡ് പദ്ധതിതയ്യാറാക്കി കേന്ദ്ര സഹായം ലഭ്യമാക്കി. ഈ പദ്ധതി നടപ്പാക്കി വരുന്നു. സാനിറ്ററി ലാന്റ്ഫിൽ ഒഴികെയുള്ള കാര്യങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്.

കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയവും കോട്ടയം മുനിസിപ്പാലിറ്റിയും ബോർഡും ചേർന്ന് കോട്ടയം പട്ടണത്തിൽ ഒരു 'ഇക്കോ -സിറ്റി' പ്രോജക്ട് നടപ്പാക്കി വരുന്നു.

നദികളിലും കായലുകളിലും കിണറുകളിലും തെരഞ്ഞെടുക്കപ്പെട്ട 128 സ്ഥലങ്ങളിൽ ക്രമമായി ഗുണനിലവാരം അളക്കുന്നു. തെരഞ്ഞെടുക്കപ്പെട്ട 22 സ്ഥലങ്ങളിൽ ക്രമമായി വായു ഗുണനിലവാരവും അളക്കുന്നു.

തൊണ്ട് അഴുക്കൽ ഒഴിവാക്കുന്ന ഒരു സാങ്കേതിക വിദ്യ കയർ ബോർഡ് വികസിപ്പിച്ചെടുത്തത് നടപ്പാക്കാൻ പ്രോത്സാഹനം നൽകി വരുന്നു.

സീവേജ് മലിനീകരണ നിയന്ത്രണത്തിന് കേരള വാട്ടർ അതോറിറ്റിയും ടോട്ടൽ സാനിറ്റേഷൻ മിഷനും പ്രവർത്തിക്കുന്നു. നഗരഖര (ചപ്പുചവർ) നിർമ്മാർജ്ജനത്തിനു നേതൃത്വം നൽകിയിരുന്ന ക്ലീൻ കേരള മിഷനും ടോട്ടൽ

സാനിറ്റേഷൻ മിഷന്റെ ഭാഗമാകുന്നതായി അറിയുന്നു.

ജെ. എൻ. എൻ. യു. ആർ. എം, കെ. എസ്. യു. ഡി. പി., യു. ഐ. ഡി. എസ്സ്. എസ്സ്. എം. റ്റി എന്നിവ മുഖേന സീവേജിനും നഗര ഖരമാലിന്യത്തിനും സംഭരണ, സംസ്കരണ, നിർമ്മാർജ്ജന സംവിധാനങ്ങൾ ഏർപ്പെടുത്താൻ നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയുന്നു

(ബി) പ്രസ്തുത പദ്ധതികൾ മൂലം സ്ഥിതിഗതികൾ എത്രത്തോളം മെച്ചപ്പെട്ടിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ബോർഡിന്റെ പ്രവർത്തനം കൂടുതലും വ്യവസായ മേഖലയിലെ മലിനീകരണ നിയന്ത്രണം ലക്ഷ്യമാക്കിയായിരുന്നു. തൽഫലമായി വ്യവസായങ്ങൾ നിമിത്തമുള്ള ജല മലിനീകരണം ഏതാണ്ട് 70 ശതമാനവും വായു മലിനീകരണം ഏതാണ്ട് 50 ശതമാനവും കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. ഏലൂർ മേഖലയിലെ നിത്യ പ്രതിഭാസമായിരുന്ന പുകമഞ്ഞ് മിക്കവാറും അപ്രത്യക്ഷമായതും പെരിയാറിലെ മാലിന്യത്തിന്റേയും നിറം മാറ്റത്തിന്റെയും ആവർത്തനം കുറഞ്ഞതും പ്രത്യേകം പ്രസ്താവ്യമാണ്. പ്രമുഖ സർക്കാർ, സർക്കാരേതര ആശുപത്രികളിൽ ബയോമെഡിക്കൽ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിൽ ഗണ്യമായ പുരോഗതിയുണ്ടായിട്ടുണ്ട്. എന്നാൽ ആശുപത്രികളിൽ നിന്നുള്ള മലിനജല സംസ്ക്കരണത്തിൽ ഇനിയും കാര്യമായ പുരോഗതി ഉണ്ടാകേണ്ടതുണ്ട്. വൻകിട ഹോട്ടലുകളിൽ ഏർപ്പെടുത്തിച്ച മലിനീകരണ നിയന്ത്രണം ഇപ്പോൾ ഇടത്തരം സ്ഥാപനങ്ങളിലും ബാധകമാക്കുന്നു. പാർപ്പിട സമുച്ചയങ്ങളിന്മേൽ ഏർപ്പെടുത്തിയ നിബന്ധനകൾ അവിടെ നിന്നുള്ള പാഴ്വസ്തു

ക്കളും പാഴ് ജലവും ശബ്ദവും സമീപവാസികളെ ബാധിക്കാതിരിക്കാൻ സഹായകമാകുന്നു.

(സി) വ്യവസായിക മലിനീകരണം നിയന്ത്രിക്കുന്നതിനുള്ള പദ്ധതികൾ ഏതെല്ലാമാണെന്നു വെളിപ്പെടുത്തുമോ;

(സി) ജലമലിനീകരണ സാദ്ധ്യതയുള്ള വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും ജലനിയമ പ്രകാരമുള്ള സ്ഥാപനാനുമതി പത്രവും പ്രവർത്തനാനുമതി പത്രവും ആവശ്യമാണ്. വായു മലിനീകരണം ഉണ്ടാക്കുന്ന വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും വായു നിയമ പ്രകാരമുള്ള സ്ഥാപനാനുമതി പത്രവും പ്രവർത്തനാനുമതി പത്രവും ആവശ്യമാണ്. അപകടകാരികളായ പാഴ്‌വസ്തുക്കൾ കൈകാര്യം ചെയ്യുണമെങ്കിൽ ഹസാർഡസ് വേസ്റ്റ് റൂൾസ് പ്രകാരം ആതറൈസേഷനും ആവശ്യമാണ്. അനുമതി പത്രത്തിൽ പാഴ്ജലത്തിന്റെയും പാഴ്‌വായുവിന്റെയും പരമാവധി അളവ്, മാലിന്യഘടങ്ങളുടെ പരിധി തുടങ്ങിയ നിബന്ധനകൾ അടങ്ങിയിരിക്കും. മാലിന്യഘടകങ്ങൾ പരിധിയ്ക്കുള്ളിലാക്കാൻ വേണ്ട ശുദ്ധീകരണ/നിർമ്മാർജ്ജന സംവിധാനങ്ങൾ ഓരോ വ്യവസായവും ഏർപ്പെടുത്തേണ്ടതുണ്ട്. ഇതിനായി വ്യവസായങ്ങൾ സമർപ്പിക്കുന്ന പദ്ധതികൾ വിശകലനം ചെയ്ത് വേണ്ട സാങ്കേതിക നിർദ്ദേശം ബോർഡ് നൽകി വരുന്നു. വ്യവസായങ്ങൾ സന്ദർശിച്ച് സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തി മാലിന്യ ശുദ്ധീകരണ/സംസ്ക്കരണ സംവിധാനങ്ങളുടെ പ്രവർത്തനം ഉറപ്പുവരുത്തുന്നു. നിബന്ധനകൾ പാലിക്കാൻ ആവർത്തിച്ചു വീഴ്ച വരുത്തുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരി

ക്കുന്നു. കൂടുതലായി മലിനീകരണം ഉണ്ടാക്കുന്ന വ്യവസായങ്ങൾക്കും മേഖലകൾക്കും ബോർഡ് പ്രത്യേകം ഊന്നൽ കൊടുക്കുന്നു. ഏലൂർ, എടയാർ മേഖലയിലെ മലിനീകരണ നിയന്ത്രണ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതപ്പെടുത്തി. 24 മണിക്കൂറും പ്രവർത്തിക്കുന്ന സർവൈലൻസ് സെന്റർ അവിടെ പ്രവർത്തിച്ചു വരുന്നു. അവിടെയുള്ള വ്യവസായങ്ങൾക്ക് പാഴ്ജല നിർഗമനക്കുഴൽ [illegible] മുകളിലായി [illegible] പാഴ്ജലത്തിന്റെ ഗുണനിലവാരം തുടർച്ചയായി അളക്കാനും രേഖപ്പെടുത്താനുമുള്ള സംവിധാനം ഏർപ്പെടുത്തുക, സീറോ എഫ്ളുവന്റ് ഡിസ്ചാർജ് നിലവാരം കൈവരിക്കാൻ നടപടികൾ എടുക്കുക, മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾക്ക് പ്രത്യേകം എനർജിമീറ്റർ ഏർപ്പെടുത്തുക തുടങ്ങിയ നിർദ്ദേശങ്ങൾ നൽകി നടപ്പാക്കി വരുന്നു. ഏലൂരിലെ എല്ലുപൊടി ഫാക്ടറികൾ, എറണാകുളത്തെ കാലടി- ഒക്കൽ പ്രദേശങ്ങളിലെ റൈസ് മില്ലുകൾ, പാലക്കാട്ടെ സ്റ്റീൽ യൂണിറ്റുകൾ എന്നിവയിൽ ബോർഡ് കർശനമായ നടപടികൾ എടുത്തു. ആലപ്പുഴ ജില്ലയിലെ മത്സ്യ സംസ്കരണ മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനായി പൊതു മലിനജല സംസ്ക്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തിപ്പിക്കാൻ ബോർഡ് ശ്രമിച്ചു വരുന്നു. എടയാർ മേഖലയിലെ ചെറുകിട വ്യവസായങ്ങൾക്കുവേണ്ടി ഒരു പൊതു മലിനജല ശുദ്ധീകരണ പ്ലാന്റ് ഏർപ്പെടുത്തിക്കാനും വ്യവസായ ഡയറക്ടറേറ്റുമായി ചേർന്ന് നടപടികൾ എടുത്തു വരുന്നു. വ്യവസായങ്ങളിൽ നിന്നുള്ള അപകടകാരികളായ പാഴ്

വസ്തുക്കൾ നിർമ്മാർജ്ജനം ചെയ്യാൻ ഒരു പൊതു സംവിധാനം അമ്പലമേട്ടിൽ ഏർപ്പെടുത്തിക്കാൻ ബോർഡ് നടപടികൾ എടുത്തു. ഈ സംവിധാനം പ്രവർത്തന സജ്ജമായിട്ടുണ്ട്.

(ഡി) വ്യാവസായിക മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾക്ക് പ്രത്യേക എനർജി മീറ്റർ സ്ഥാപിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) വ്യാവസായിക മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾക്ക് പ്രത്യേക എനർജി മീറ്റർ സ്ഥാപിക്കണമെന്നുള്ള നിബന്ധന ബോർഡ് നൽകുന്ന അനുമതി പത്രത്തിൽ ഇപ്പോൾ ഉൾപ്പെടുത്തുന്നുണ്ട്. പല വ്യവസായങ്ങളിലും അത് നടപ്പിലാക്കിക്കഴിഞ്ഞു.

(ഇ) മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ പ്രവർത്തിപ്പിക്കുന്ന വ്യവസായികൾക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകാനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

(ഇ) മലിനീകണ നിയന്ത്രണ സംവിധാനങ്ങൾ പ്രവർത്തിപ്പിക്കുന്ന വ്യവസായങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകുന്നതിനുള്ള നിർദ്ദേശം നിലവിൽ പരിഗണനയിലില്ല. ഇലക്ട്രിസിറ്റി ആക്ട് 2003 ലെ സെക്ഷൻ 62 പ്രകാരം ഏതെങ്കിലും താരിഫ് നിശ്ചയിക്കുന്നതിനുള്ള അധികാരം ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. വ്യവസായ വകുപ്പിൽ നിന്നും നൽകുന്ന സ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റ് സബ്സിഡിയിൽ മലിനീകരണ നിയന്ത്രണ ഉപകരണങ്ങൾ വാങ്ങുന്നതിനായും സബ്സിഡി നൽകാൻ വ്യവസ്ഥയുണ്ട്.

[signature]
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.282 | 17/03/2008-ൽ മറുപടിയ്ക്ക് |
|---|---|

## കാൻസർ രോഗികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തോമസ് ഉണ്ണിയാടൻ: | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ (ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്ത് കാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ രോഗികളുടെ ജില്ല തിരിച്ചുള്ള കണക്ക് മേശപ്പുറത്ത് വയ്ക്കുമോ ;

(എ) തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന രോഗികളുടെ എണ്ണത്തിൽ ഓരോ വർഷവും നേരിയ വർദ്ധനവ് ഉണ്ടാകുന്നുണ്ട്. എന്നാൽ സംസ്ഥാനത്തെ ജനസംഖ്യയ്ക്ക് ആനുപാതികമായി വർദ്ധനവ് ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കഴിഞ്ഞ 3 വർഷക്കാലം ആർ.സി.സി.യിൽ പുതിയതായി രജിസ്റ്റർ ചെയ്യപ്പെട്ട രോഗികളുടെ ജില്ലതിരിച്ചുള്ള എണ്ണം താഴെ പറയുന്നു.

(തുടർച്ച . . . )

| | 2004-05 | 2005-06 | 2006-07 |
|---|---|---|---|
| തിരുവനന്തപുരം | 2727 | 2568 | 2770 |
| കൊല്ലം | 2068 | 1968 | 2061 |
| പത്തനംതിട്ട | 720 | 674 | 688 |
| ആലപ്പുഴ | 529 | 704 | 769 |
| കോട്ടയം | 273 | 311 | 291 |
| ഇടുക്കി | 146 | 151 | 144 |
| എറണാകുളം | 523 | 574 | 546 |
| തൃശ്ശൂർ | 442 | 446 | 456 |
| പാലക്കാട് | 350 | 388 | 467 |
| കോഴിക്കോട് | 295 | 312 | 346 |
| മലപ്പുറം | 485 | 520 | 576 |
| വയനാട് | 43 | 59 | 53 |
| കാസർഗോഡ് | 95 | 95 | 106 |
| കണ്ണൂർ | 323 | 356 | 332 |

(ബി) കാൻസർ രോഗികൾക്ക് ചികിത്സയ്ക്കും മറ്റുമായി നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്.

(ബി) സംസ്ഥാന സർക്കാർ ക്യാൻസർ രോഗികൾക്ക് 200/- രൂപ വരെ പ്രതിമാസം പെൻഷൻ നല്കുന്നുണ്ട്. 'സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് റ്റു ദ പുവർ' മുഖേന 24,000/- രൂപയ്ക്ക് താഴെ വാർഷിക വരുമാനമുള്ള രോഗികൾക്ക് 10,000/- രൂപ വരെ ധനസഹായം നല്കിവരുന്നുണ്ട്. കൂടാതെ ആർ.സി.സി, രോഗികളെ അവരുടെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ 'O', 'M', 'F' എന്നീ വിഭാഗങ്ങളായി തിരിച്ച് ഇതിൽ 'M', 'F' എന്നീ വിഭാഗങ്ങൾക്ക് ഭാഗികമായോ, പൂർണ്ണമായോ രോഗനിർണ്ണയ

(തുടർച്ച . . . )

| | | | |
|---|---|---|---|
| | | | ചികിത്സാ സൗകര്യങ്ങൾ സൗജന്യമായി നല്കിവരുന്നു. ഇതിനു പുറമേ ആർ.സി.സി.യുടെ വാർഡുകളിൽ പ്രവേശിപ്പിച്ചിട്ടുള്ള 200-ഓളം പാവപ്പെട്ട രോഗികൾക്ക് സൗജന്യ ഭക്ഷണം നല്കുന്ന 'അക്ഷയപാത്രം' പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.<br><br>സംസ്ഥാനത്തെ 5 മെഡിക്കൽ കോളേജുകളിലുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള രോഗികൾക്ക് റേഡിയേഷൻ, കീമോതെറാപ്പി, ശസ്ത്രക്രിയ എന്നീ ചികിത്സാ രീതികൾ സൗജന്യമായി നല്കിവരുന്നു. പ്രധാനമന്ത്രിയുടെ ചികിത്സാദുരിതാശ്വാസ നിധിയിൽ നിന്നും പരമാവധി 2 ലക്ഷം രൂപവരെ ചികിത്സാ സഹായം നല്കിവരുന്നുണ്ട്. |
| (സി) | സർക്കാർ സർവ്വീസിൽ ഇവർക്ക് സംവരണം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ; | (സി) | ഇത്തരമൊരു നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | സംസ്ഥാനത്തെ നിലവിലുള്ള കാൻസർ പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ ? | (ഡി) | കോഴിക്കോട്, കോട്ടയം, ആലപ്പുഴ എന്നീ മെഡിക്കൽ കോളേജുകളിൽ ഓരോ പാലിയേറ്റീവ് കെയർ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ |

(തുടർച്ച . . .)

സമഗ്രമായ ഒരു സാന്ത്വന ചികിത്സാ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്.

സംസ്ഥാനത്ത് ആരോഗ്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പെയിൻ ആന്റ് പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി നെയ്യാറ്റിൻകര, തിരുവനന്തപുരം.
2. ജില്ലാ ആശുപത്രി, കൊല്ലം.
3. ജില്ലാ ആശുപത്രി, കോഴഞ്ചേരി
4. ജില്ലാ ആശുപത്രി, തൃശ്ശൂർ
5. ഗവ.ആശുപത്രി, തലശ്ശേരി, കണ്ണൂർ
6. പി.എച്ച്.സി., വ. ളാഞ്ചേരി, മലപ്പുറം
7. ജില്ലാ ആശുപത്രി, മാനന്തവാടി, വയനാട്

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 283

17.03.2008-ൽ മറുപടിക്ക്

## എയ്ഡ്സ് രോഗികൾക്കുള്ള ചികിൽസ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം എം. മോനായി<br>ശ്രീ. പി ടി. എ റഹീം<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. കെ.കെ ജയചന്ദ്രൻ<br>ശ്രീ. എ എം. ആരിഫ് | ശ്രീമതി പി കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് എയ് ഡ്സ് രോഗികളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | എ) സംസ്ഥാനത്ത് എച്ച് ഐ. വി അണുബാധിതരുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ട്. നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷൻ 2007ൽ നടത്തിയ പഠന പ്രകാരം കേരളത്തിൽ എച്ച് ഐ. വി അണുബാധിതരുടെ നിരക്ക് 0.13 ശതമാനമാണ്. ദേശീയ ശരാശരി 0.36 ശതമാനമാണ്. |
| ബി) എത്ര പേർക്കാണ് രോഗബാധ ഉള്ളതായി കണ്ടെത്തിയിട്ടുള്ളത്; | ബി) കേരളത്തിൽ എയ്ഡ്സ് ചികിത്സയ്ക്കായി 2007 ഡിസംബർ വരെ രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ എണ്ണം 6782 ആണ്. |
| സി) ഈ വർഷം എത്ര പേർക്ക് പുതുതായി എയ് ഡ്സ് രോഗബാധ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്; | സി) പുതുതായി 2007 ൽ ചികിത്സയ്ക്ക് വിധേയമായിട്ടുള്ളവർ - 2511. |
| ഡി) എയ് ഡ്സ് രോഗ ചികിൽസക്കായി സർക്കാർ ആശുപത്രികളിൽ ലഭ്യമായ സൗകര്യങ്ങൾ എന്തെല്ലാമാണ്; | ഡി) കേരളത്തിലെ അഞ്ച് ഗവൺമെൻറ് മെഡിക്കൽ കോളേജുകളിലുള്ള എ.ആർ.ടി സെൻറർ വഴി യാണ് ചികിത്സ നൽകുന്നത് |
| ഇ) എച്ച്.ഐ.വി. ചികിത്സയിൽ ഡോക്ടർമാർക്ക് പ്രത്യേക പരിശീലനം നൽകാൻ നടപടി സ്വീകരിക്കുമോ; | ഇ) എല്ലാ ജില്ലകളിലുമുള്ള ജില്ലാമെഡിക്കൽ ഓഫീസർവഴി ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള എല്ലാ ആശുപത്രികളിലേയും ഡോക്ടർമാർക്കും പാരാ മെഡിക്കൽ സ്റ്റാഫിനും HIV/AIDS and ART എന്ന വിഷയത്തെപ്പറ്റി സമഗ്രമായ പരിശീലനം എല്ലാ വർഷത്തേയും പോലെ ഈ വർഷവും നൽകി വരുന്നുണ്ട്. |
| എഫ്) എങ്കിൽ എയ് ഡ്സ് കൺട്രോൾ ബോർഡ് ഈ രംഗത്ത് നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | എഫ്) എയ്ഡ്സ് കൺട്രോൾ സൊസൈറ്റി ഈ രംഗത്ത് താഴെ പറയുന്ന കേന്ദ്രങ്ങൾ വഴി പ്രവർത്തനങ്ങൾ നടത്തിവരുന്നു.<br>1) <u>പുലരി</u> -<br>സൗജന്യ ലൈംഗിക രോഗ ചികിത്സ യഥാസമയം ലഭ്യമാക്കുന്നതിന് എല്ലാ സർക്കാർ മെഡിക്കൽ |

കോളേജുകളിലും ജില്ലാ ആശുപത്രികളിലും പ്രധാനപ്പെട്ട താലൂക്ക് ആശുപത്രികളിലുമായി 28 പുലരി കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു.

**2) <u>ജ്യോതിസ് മെഡിക്കൽ കൗൺസിലിംഗ് സെൻറർ</u>**

എച്ച് ഐ. ബാധിതർ ഉൾപ്പെടെയുള്ള വർക്ക് കൗൺസിലിംഗ് നൽകുകയും വ്യക്തിയുടെ അനുമതിയോടെ രക്ത പരിശോധന നടത്തുകയും. എച്ച് ഐ. വി അണുബാധയുണ്ടെന്നു കണ്ടാൽ പ്രത്യേക കൗൺസിലിംഗ് നൽകുകയും ചെയ്യുന്നു. പബ്ളിക് ഹെൽത്ത് ലബോറട്ടറി സർക്കാർ മെഡിക്കൽ കോളേജുകളിലെ മൈക്രോബയോളജി ഡിപ്പാർട്ടുമെൻറുകൾ, ജില്ലാ അശുപത്രികൾ, താലൂക്ക് അശുപത്രികൾ എന്നിവടങ്ങളിലായി 51 ജ്യോതിസ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു.

3) <u>പ്രത്യാശ കേന്ദ്രങ്ങൾ</u>

എച്ച് ഐ. വി ബാധിതർക്കുവേണ്ടി കൗൺസിലിംഗ് നടത്തുന്നതിനും എ.ആർ.റ്റി മരുന്നുകൾ വിതരണം ചെയ്യുന്നതിനും എല്ലാ ജില്ലകളിലും പ്രത്യാശ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു.

4) <u>ഉഷസ്</u>

സമഗ്ര എ.ആർ.റ്റി ചികിത്സാ കേന്ദ്രമായ ഉഷസ് എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും പ്രവർത്തിക്കുന്നു .

5) <u>സ്നേഹ</u>

അമ്മയിൽ നിന്നും കുഞ്ഞിലേക്കുള്ള എച്ച് ഐ. വി അണുബാധ തടയുന്നതിനുവേണ്ടി എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ജില്ലാ അശുപത്രികളിലുമായി 43 സ്നേഹ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു.

6) <u>സുരക്ഷ</u>

ലൈംഗികത്തൊഴിലാളികൾ, സ്വവർഗരതിക്കാർ, തെരുവുകുട്ടികൾ, തടവുകാർ മയക്കുമരുന്നിനടിമപ്പെട്ടവർ എന്നിവരെ ലക്ഷ്യമാക്കി ഓരോ ജില്ലയിലും 4 മുതൽ 6 വരെ സുരക്ഷ പദ്ധതികൾ പ്രവർത്തിക്കുന്നു.

7) <u>ആയുർദളം</u>

രോഗ പ്രതിരോധത്തിനും ആരോഗ്യ സംരക്ഷണത്തിനും മതിയായ പ്രാതിനിധ്യം കൊടുത്തു കൊണ്ട് നിലവിലുള്ള സബ്സെൻററുകളെ സമഗ്ര ആരോഗ്യ വിഭവ ചികിത്സാ കേന്ദ്രമായി ഉയർത്തുകയെന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

| | |
|---|---|
| | 8) <u>പ്രിസൺ പ്രോഗ്രാം</u><br>ജയിൽ ഡിപ്പാർട്ടുമെൻറുകളിൽ നടപ്പിലാക്കി വരുന്ന ലൈംഗികാരോഗ്യ പദ്ധതി.<br>9) <u>താഹ</u><br>സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുണ്ടാകുന്ന ലൈംഗിക ചൂഷണങ്ങളെ തടയുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. 140 ഗ്രാമ പഞ്ചായത്തുകളിൽ നടപ്പിലാക്കി വരുന്നു |
| ജി) ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും മരുന്നുകൾ സൗജന്യമായി നൽകുന്നതിനും നടപടി സ്വീകരിക്കുമോ? | ജി) ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള അഞ്ച് എ.ആർ.റ്റി സെൻററിനുപുറമേ പാലക്കാട് ജില്ലയിൽ പുതിയതായി ഒരു എ.ആർ.റ്റി സെൻറർ കൂടി ആരംഭിക്കുന്നതിനുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള അഞ്ച് മെഡിക്കൽ കോളേജുകളിലെ എ.ആർ.റ്റി സെൻറുകൾ മുഖേന മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 284 | 17.3.2008 ൽ മറുപടിക്ക് |

## രക്തബാങ്കുകളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീമതി. പി. അയിഷാപോറ്റി<br>ശ്രീ.എസ്. രാജേന്ദ്രൻ<br>ശ്രീമതി. കെ.എസ്. സലീഖ | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി |

| | |
|---|---|
| എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന രക്തബാങ്കുകളുടെ പ്രവർത്തനത്തിൽ സർക്കാരിന് എന്തെല്ലാം നിയന്ത്രണങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ; | എ) രക്തബാങ്കുകൾക്ക് ലൈസൻസ് നൽകുന്നത് ഡ്രഗ്സ് കൺട്രോൾ വകുപ്പാണ്. ഡ്രഗ്സ് ആൻറ് കോസ്മെറ്റിക്സ് ആക്ടിലെ നിബന്ധനകൾക്കനുസരിച്ച് അവയുടെ പ്രവർത്തനങ്ങൾ ശക്തമായി നിയന്ത്രിക്കുന്നുണ്ട്. എയ്ഡ്സ് കൺട്രോൾ സൊസൈറ്റി വഴി രക്തബാങ്കുകൾക്കാവശ്യമായ ഉപകരണങ്ങൾ, പരിശോധനയ്ക്കാവശ്യമായ കൺസ്യൂമബിൾസ് എന്നിവ വാങ്ങുവാനുള്ള ഗ്രാൻറ് നൽകിവരുന്നു. |
| ബി) ഇവയുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം എന്താണ്; സർക്കാർ മേഖലയിൽ കൂടുതൽ രക്തബാങ്കുകൾ സ്ഥാപിക്കുമോ; | ബി) ഗുണനിലവാരം പരിശോധിക്കുവാനായി സ്റ്റേറ്റ് ബ്ലഡ് ട്രാൻഫ്യൂഷൻ കൗൺസിൽവഴി രക്ത ബാങ്കുകൾക്ക് അക്രഡിറ്റേഷൻ നല്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ ഡ്രഗ്സ് ആൻറ് കോസ്മെറ്റിക്സ് റൂൾസിന്റെ നിബന്ധനകൾക്കനുസരിച്ച് പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധിക്കുവാൻ റീജിയണൽ ഡ്രഗ്സ് ഇൻസ്പെക്ടർമാർ / സീനിയർ ഡ്രഗ്സ് ഇൻസ്പെക്ടർമാർ എന്നിവരെ ചുമതലപ്പെടുത്തി യിട്ടുമുണ്ട്.<br>സർക്കാർ മേഖലയിൽ പുതിയതായി രക്തബാങ്കുകൾ തുടങ്ങുന്നത് ആശുപത്രികളിലെ രക്തത്തിന്റെ ആവശ്യകതയനുസരിച്ചും മറ്റു അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതയനുസരിച്ചുമാണ്. ആവശ്യമെന്നു കണ്ടാൽ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതയനുസരിച്ച് കൂടുതൽ രക്തബാങ്കുകൾ ആരംഭിക്കുന്നതാണ്. |
| സി) സന്നദ്ധ രക്തദാനം പ്രോത്സാഹിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | സി) ഉണ്ട്. |

| | |
|---|---|
| ഡി) രക്തദാനത്തെക്കുറിച്ചുള്ള തെറ്റിദ്ധാരണ മാറ്റുന്നതിനും, അടുത്ത ബന്ധുക്കൾ പോലും രോഗികൾക്ക് രക്തം നൽകുന്നതിന് തയ്യാറാകാത്ത അവസ്ഥ മാറ്റുന്നതിനും ആവശ്യമായ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുമോ? | ഡി) കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ ബ്ലഡ് സേഫ്ടി പ്രോഗ്രാമിന്റെ പ്രധാനപ്പെട്ട ഒരു ഘടകമാണ് രക്തദാനത്തെക്കുറിച്ചുള്ള അവബോധം നടത്തുകയെന്നത്. അതിന്റെ ഭാഗമായി കോളേജ് വിദ്യാർത്ഥികൾ, സ്പോർട്സ് താരങ്ങൾ തുടങ്ങി വിവിധ ജനവിഭാഗങ്ങൾക്കുവേണ്ടി ബോധവൽക്കരണ ക്ളാസുകൾ നടത്തുന്നുണ്ട്. കേരളത്തിൽ രക്തദാനം ചെയ്യുന്നവരുടെ എണ്ണം കൂടിക്കൂടി വരികയാണ്. ഇപ്പോൾ 45 ശതമാനത്തിൽ കൂടുതൽ പേരും സ്വമേധയാ രക്തദാനം ചെയ്യുന്നവരാണ്. എല്ലാ രക്ത ബാങ്കുകളും ക്യാമ്പുകൾ സംഘടിപ്പിച്ച് സ്വമേധയാ രക്തദാനം പ്രോത്സാഹിപ്പിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 285 — 17.3.2008-ന് മറുപടിക്ക്

## മലബാർ സിമൻറ്സിൻെറ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എം.യൂസഫ്<br>ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീ.എ.സി.മൊയ്തീൻ<br>ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ. കെ.വി.അബ്ദുൾ ഖാദർ | ശ്രീ.എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) മലബാർ സിമൻറ്സിൻെറ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (എ) കമ്പനിയ്ക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ മറ്റ് സംസ്ഥാന-കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കമ്പനിയുടെ എല്ലാ പ്രവർത്തനങ്ങളും കമ്പ്യൂട്ടർ ശൃംഖല വഴി നിയന്ത്രിക്കുന്നതിനായി ഇ.ആർ.പി സമ്പ്രദായം നടപ്പിലാക്കിക്കഴിഞ്ഞു. |
| (ബി) കമ്പനിയുടെ സിമൻറുൽപ്പാദനത്തിൽ എത്ര മാത്രം വർദ്ധനവ് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്; | (ബി) 2006-07-ൽ സ്ഥാപിതശേഷിയുടെ 103% വും 2007-08 ഫെബ്രുവരിവരെ 80% വും ഉല്പാദനം നടന്നിട്ടുണ്ട്. |
| (സി) മലബാർ സിമൻറ്സിൽ മുൻ സർക്കാരിൻെറ കാലത്ത് നടന്ന അഴിമതിയെക്കുറിച്ചുള്ള അന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; | (സി) മുൻ സർക്കാരിൻെറ കാലത്തു നടന്ന അഴിമതിയെക്കുറിച്ചുള്ള വിജിലൻസ് കേസുകൾ അന്വേഷണത്തിൻെറ വിവിധ ഘട്ടങ്ങളിലാണ്. |
| (ഡി) സിമൻറ് വില വർദ്ധനവ് തടയാൻ വിപണിയിൽ ഇടപെടാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ? | (ഡി) കേരളത്തിൻെറ സിമൻറ് ഉപഭോഗത്തിൻെറ 9% മാത്രമാണ് പൊതുമേഖലയിലുള്ള മലബാർ സിമൻറ്സ് ഉല്പാദിപ്പിക്കുന്നത്. ആകയാൽ വില നിയന്ത്രണം ഫലപ്രദമായി നടപ്പാക്കുന്ന കാര്യത്തിൽ സർക്കാരിന് പരിമിതിയുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 286 17-3-2008 -ൽ മറുപടിക്ക്

## ലാബുകളിലെ ചാർജ്ജ് ഏകീകരിക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ചാണ്ടി<br>ശ്രീ. കെ.കെ.ഷാജു<br>ശ്രീ. കെ.ബി.ഗണേഷ് കുമാർ | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലും സ്വകാര്യ ലാബുകളിലും, ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും ഉൾപ്പെടെ സി.ടി.എം.ആർ.ഐ. സ്കാൻ, രക്ത പരിശോധന മുതലായവയ്ക്ക് വ്യത്യസ്ത നിരക്കിൽ ചാർജ്ജ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ എന്നിവിടങ്ങളിൽ സി.ടി./എം.ആർ.ഐ. സ്കാൻ, മറ്റ് ക്ലിനിക്കൽ പരിശോധനകൾ എന്നിവയ്ക്ക് വ്യത്യസ്ത ചാർജ്ജ് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച പരാതികൾ ലഭിക്കാറുണ്ടെങ്കിലും മേൽ സ്ഥാപനങ്ങളുടെ മേൽ സർക്കാരിന് നിയന്ത്രണം ഇല്ലാത്തതിനാൽ ഫലപ്രദമായ നടപടി സ്വീകരിക്കാൻ സാധിക്കാറില്ല. |
| ബി) ഇവയെ ഏകീകരിച്ച് ന്യായമായ ചാർജ്ജ് ഏർപ്പെടുത്തുന്നതിന് എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ; | ബി) രാജ്യത്തെ സ്വകാര്യ സ്ഥാപനങ്ങളിലെ ചികിത്സാ സമ്പ്രദായം ഏകീകരിയ്ക്കുന്നതിനും സ്വകാര്യ ആശുപത്രികൾ/നഴ്സിംഗ് ഹോമുകൾ/ ലാബുകൾ എന്നിവയുടെ രജിസ്ട്രേഷൻ/ നിയന്ത്രണം എന്നിവ സംബന്ധിച്ച് നിയമനിർമ്മാണം നടത്താൻ കേന്ദ്ര സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് സ്വന്തമായ നിയമനിർമ്മാണം നടത്തുന്നതിലേക്ക് 13-06-2007-ലെ സ.ഉ.നം.(ആർ.റ്റി.)2083/ 07/ ആകുവ പ്രകാരം രൂപീകരിച്ച കമ്മിറ്റി തയ്യാറാക്കിയ "ദി കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷൻ, റഗുലേഷൻ, അക്രഡിറ്റേഷൻ) ബിൽ 2008" ഇപ്പോൾ നിയമവകുപ്പിന്റെ പരിശോധനയിലാണ്. മേൽ നിയമം പ്രാബല്യത്തിൽ വരുമ്പോൾ സ്വകാര്യ ആശുപത്രികൾ/ ലാബുകൾ എന്നിവിടങ്ങളിലെ വിവിധ ടെസ്റ്റുകൾക്ക് ഏകീകരിച്ച ചാർജ്ജ് നിശ്ചയിക്കുന്നതിനും കൂടുതൽ ഫീസ് ഈടാക്കുന്നവർക്കെതിരെ നടപടി സ്വീകരിയ്ക്കുന്നതിനും സാധിക്കുന്നതാണ്. |

| | |
|---|---|
| (സി) ലാബുകൾ ഉൾപ്പെടെയുള്ള പാരാമെഡിക്കൽ സ്ഥാപനങ്ങൾ ആരംഭിയ്ക്കുന്നതിന് ലൈസൻസ് ആവശ്യമുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) നിലവിൽ ലാബുകൾ ഉൾപ്പെടെയുള്ള പാരാമെഡിയ്ക്കൽ സ്ഥാപനങ്ങൾ ആരംഭിയ്ക്കുന്നതിന് ലൈസൻസ് നൽകാറില്ല. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതി മാത്രമാണ് ഇപ്പോൾ ഇവയ്ക്ക് നൽകിവരുന്നത്. ആരോഗ്യ വകുപ്പിൽ നിന്ന് ലൈസൻസോ അനുമതിയോ നൽകാറില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 287 — 17.3.2008 ൽ മറുപടിക്ക്

## പൊതുമേഖലാ സ്ഥാപനങ്ങളുടെ ആധുനികവൽക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.കെ.സുധാകരൻ<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | ശ്രീ.എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ ആധുനികവൽക്കരണത്തിനായി 'സാപ്' എന്ന കമ്പനിയിൽ നിന്നും ഇ.ആർ.പി സോഫ്റ്റ് വെയർ വാങ്ങുന്നതിന് കരാർ ഉണ്ടാക്കിയിട്ടുണ്ടോ; | (എ) സർക്കാർ നേരിട്ട് ഒരു കരാറും ഉണ്ടാക്കിയിട്ടില്ല. |
| (ബി) ഈ കരാർ ഉണ്ടാക്കിയത് ഐ.ടി. വകുപ്പിന്റെ അഭിപ്രായ പ്രകാരമായിരുന്നോ; | (ബി) മുതൽ (ജി) വരെ<br><br>ബാധകമല്ല. |
| (സി) ഈ കരാർ അനുസരിച്ച് നൽകേണ്ട ചാർജ് എത്രയാണ്; | |
| (ഡി) ഈ സോഫ്റ്റ് വെയർ വാങ്ങുന്നതിന് ടെണ്ടർ വിളിച്ചിരുന്നോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; | |
| (ഇ) പ്രസ്തുത സോഫ്റ്റ് വെയറിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥന്മാർക്ക് പരിശീലനം നൽകുന്നത് ആരാണ്; | |
| (എഫ്) അതിനെത്ര ചെലവു പ്രതീക്ഷിക്കുന്നു; | |
| (ജി) സി-ഡിറ്റിനേയോ കെൽട്രോണിനേയോ ഇത്തരം സോഫ്റ്റ് വെയർ വികസിപ്പിക്കുവാൻ ഏല്പിക്കാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ

12-ാം കേരള നിയമസഭ

7-ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 288 17.3.2008-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി ബസ്സുകളിൽ സീസൺ ടിക്കറ്റ്

ചോദ്യം

ശ്രീ. പി.എം.എ.സലാം

ഉത്തരം

ശ്രീ. മാത്യു ടി. തോമസ്
ഗതാഗതവും പ്രിന്റിംഗും
സ്റ്റേഷനറിയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി ബസ്സുകളിൽ സീസൺ ടിക്കറ്റ് സംവിധാനം ഏർപ്പെടുത്തിയാൽ യാത്രക്കാർക്ക് ഉപകാരപ്രദമാവുകയും കെ.എസ്.ആർ.ടി.സി ക്ക് സാമ്പത്തിക ലാഭം ഉണ്ടാവുകയും ചെയ്യുമെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | } | (എ) യും (ബി) യും<br>കെ.എസ്.ആർ.ടി.സി ബസുകളിൽ സീസൺ ടിക്കറ്റ് സംവിധാനം ഏർപ്പെടുത്തിയാൽ യാത്രക്കാർക്ക് ഉപകാരപ്രദമാകുമെങ്കിലും കെ.എസ്.ആർ.ടി.സി യ്ക്ക് സാമ്പത്തിക ലാഭമുണ്ടാകുമോയെന്ന് ഒരു പഠനത്തിന്റെ അടിസ്ഥാനത്തിലേ പറയാൻ കഴിയൂ. |
| (ബി) | എങ്കിൽ ഉദ്യോഗസ്ഥരും കച്ചവടക്കാരുമടക്കമുള്ള സ്ഥിരം യാത്രക്കാർക്ക് സീസൺ ടിക്കറ്റ് നൽകുന്ന കാര്യം പരിഗണിക്കുമോ? | | |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : T.289 — 17-03-2008 -ൽ മറുപടിക്ക്

### ശുദ്ധജല തടാകങ്ങളിലെ കയ്യേറ്റം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീ. എം.കെ. പ്രേമനാഥ്<br>ശ്രീ. എം.വി ശ്രേയാംസ് കുമാർ | ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ ശുദ്ധജല തടാകങ്ങളുടെയും കായലുകളുടെയും വിസ്തൃതിയിലുണ്ടായ കുറവ്, പരിസ്ഥിതി നാശം എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട് |
| ബി) ശുദ്ധജല തടാകങ്ങളെയും കായലുകളെയും സംരക്ഷിക്കുന്നത് സംബന്ധിച്ച് നയം വ്യക്തമാക്കുമോ;<br>സി) കായലുകളെയും ശുദ്ധജല തടാകങ്ങളെയും കുടിവെള്ള സ്രോതസ്സുകളായി പരിഗണിച്ച് സംരക്ഷിത മേഖലയായി പ്രഖ്യാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ബി)യും സി)യും കായലുകളെയും ശുദ്ധജല തടാകങ്ങളെയും സംരക്ഷിക്കുന്നതിനുള്ള സമഗ്രമായ നിയമനിർമ്മാണം കൊണ്ടുവരുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇക്കാര്യത്തിലുള്ള സർക്കാർ നയം കരട് ജലനയത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

12-ാം കേരള നിയമസഭ
7-ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ : 290 17.3.2008-ലെ മറുപടിക്ക്

## കെ.ടി.ഡി.എഫ്.സിയുടെ സഹായത്തോടെ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം

ചോദ്യം

ശ്രീ. പി. തിലോത്തമൻ
ശ്രീ. കെ. രാജു
ശ്രീ. രാജാജി മാത്യു തോമസ്
ശ്രീ. വി.എസ്. സുനിൽ കുമാർ
ശ്രീ. എ.കെ. ചന്ദ്രൻ

ഉത്തരം

ശ്രീ. മാത്യു .ടി. തോമസ്
ഗതാഗതവും പ്രിന്റിംഗും
സ്റ്റേഷനറിയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കെ.ടി.ഡി.എഫ്.സിയുടെ സഹായത്തോടുകൂടി കെ.എസ്.ആർ.ടി.സി ഷോപ്പിംഗ് കോംപ്ലക്സുകൾ പണിയുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെണ്ണം; എവിടെയെല്ലാം; | (എ) | ഉണ്ട്. അങ്കമാലി, തിരു. സെൻട്രൽ, ഫോർട്ട് തിരുവനന്തപുരം (എസ്.ടി.സി.), പേരൂർക്കട, , കോഴിക്കോട്, മലപ്പുറം. എന്നീ ആറ് ബസ്സ് സ്റ്റേഷനുകളിൽ കെ.ടി.ഡി.എഫ്.സി യുടെ സഹായത്തോടുകൂടി ബി.ഒ.റ്റി അടിസ്ഥാനത്തിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ പണിയുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഈ ഷോപ്പിംഗ് കോംപ്ലക്സുകളുടെ നിർമ്മാണവും പ്രവർത്തനവുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ എന്തെല്ലാമാണ്; | (ബി) | ഷോപ്പിംഗ് കോംപ്ലക്സ് പണിയുന്നതുമായി ബന്ധപ്പെട്ട മുഴുവൻ ചെലവും കെ.ടി.ഡി.എഫ്.സി വഹിക്കേണ്ടതും ഏതെങ്കിലും ഇനത്തിൽ കെ.എസ്.ആർ.ടി.സി ചിലവാക്കേണ്ടി വന്നിട്ടുണ്ടെങ്കിൽ അത് തിരികെ നൽകേണ്ടതുമാണ്. നിർമ്മാണ ചെലവ് നിശ്ചിത പലിശയടക്കം അടഞ്ഞുതീരുന്ന മുറയ്ക്ക് കെട്ടിടം എല്ലാ ബാദ്ധ്യതകളും ഒഴിവാക്കി കെ.എസ്.ആർ.ടി.സി യ്ക്ക് കൈമാറേണ്ടതാണ്. നിർമ്മാണം ആരംഭിച്ച് പരമാവധി 18 മാസത്തിനകം |

| | | | |
|---|---|---|---|
| | | | കെ.എസ്.ആർ.ടി.സി യുടെ നടത്തിപ്പിനാവശ്യമായ ഓഫീസ് കെട്ടിടം, ഗ്യാരേജ് തുടങ്ങിയ അനുബന്ധ സൗകര്യങ്ങളും കെ.ടി.ഡി.എഫ്.സി പണിത് ഏൽപിക്കേണ്ടതാണ്. |
| (സി) | ഈ ഇനത്തിൽ പ്രതിവർഷം എത്ര വരുമാനം പ്രതീക്ഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | ഷോപ്പിംഗ് കോംപ്ലക്സിൽ നിന്നുള്ള വാർഷിക വരുമാനത്തിൽ നിന്ന് നടത്തിപ്പിനാവശ്യമായി വരുന്ന ചെലവ് കഴിച്ചു ബാക്കി തുകയുടെ 50 ശതമാനം നാല് ഗഡുക്കളായി കെ.എസ്.ആർ.ടി.സി യ്ക്ക് നൽകണം. പണി പൂർത്തിയായി പ്രവർത്തനം ആരംഭിച്ച ശേഷമേ വരുമാനത്തിന്റെ തോത് കണക്കാക്കാൻ കഴിയുകയുള്ളൂ. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 291          17.03.2008-ൽ മറുപടിയ്ക്ക്

## കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ കാര്യക്ഷമത

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ. പ്രദീപ് കുമാർ<br>ശ്രീ. കെ.കെ. ദിവാകരൻ<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. എം.എം. മോനായി<br>ശ്രീ. സി.എച്ച്. കുഞ്ഞമ്പു | ശ്രീ. മാത്യു റ്റി. തോമസ്,<br>(ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | എ) കെ.എസ്.ആർ.ടി.സി.യിലെ എല്ലാ വിഭാഗം ജീവനക്കാരുടെയും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ ചുവടെ ചേർത്തിട്ടുള്ള പരിശീലന പരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പാക്കി വരുന്നു.<br><br>1. പുതുതായി നിയമിക്കപ്പെടുന്ന എല്ലാ വിഭാഗം ജീവനക്കാർക്കും അതാതു വിഭാഗങ്ങളിൽ ഇൻഡക്ഷൻ ട്രെയിനിംഗ് നൽകിവരുന്നു.<br><br>2. സർവ്വീസിലുള്ള വിവിധ വിഭാഗം ജീവനക്കാർക്കും ഇൻസർവ്വീസ് ട്രെയിനിംഗ് നൽകിവരുന്നു.<br><br>3. ഉദ്യോഗക്കയറ്റം ലഭിക്കുന്നതിനു മുന്നോടിയായി ജീവനക്കാർക്ക് പരിശീലനം നൽകി വരുന്നു.<br><br>4. വിവിധ കമ്പനികളുമായി സഹകരിച്ച് പരിശീലന പരിപാടികളും, സെമിനാറുകളും നടത്തിവരുന്നു.<br><br>5. തമിഴ്നാട്ടിലെ നാമക്കൽ ഡ്രൈവർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലും പൂനയിലെ സി.ഐ.ആർ.ടി.യിലും പരിശീലനത്തിനായി ജീവനക്കാരെ അയച്ചുവരുന്നു.<br><br>6. കെ.എം.പി.എൽ. വർദ്ധനവ് പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കായി അഞ്ചും, അതിലധികവും കെ.എം.പി.എൽ. ലഭിക്കുന്ന |

ഡ്രൈവർമാർക്ക് പ്രതിമാസം മുന്നൂറ് (300/-) രൂപ നിരക്കിൽ കെ.എം.പി.എൽ. ഇൻസെന്റീവ് നൽകിവരുന്നു. എം. പാനൽ വിഭാഗത്തിൽപെട്ട കണ്ടക്ടർമാർക്കും ഡ്രൈവർമാർക്കും ഗുഡ് അറ്റന്റൻസ് അലവൻസും നൽകി വരുന്നു. വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പ്രോത്സാഹനമായി കണ്ടക്ടർമാർക്കും ഡ്രൈവർമാർക്കും വിവിധതരം ഇൻസെന്റീവ് സ്കീമുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

7. ഡ്രൈവർമാരുടെ ഡ്രൈവിംഗ് സംബന്ധമായ ന്യൂനതകൾ സർവ്വീസിനിടയിൽ നിരീക്ഷിച്ച് അവ പരിഹരിക്കുന്നതിനാവശ്യമായ ട്രെയിനിംഗ് നൽകുന്നതിലേക്കായി ഡ്രൈവർ ഒബ്സർവർമാരെ നിയോഗിച്ചിട്ടുണ്ട്.

8. ഇതിനുപുറമേ ഡ്രൈവർമാർക്ക് പി.സി.ആർ.എ., സെയിഫ് ആന്റ് ഫ്യൂവൽ എഫിഷ്യന്റ് ഡ്രൈവിംഗ്, കറക്ടീവ് ട്രെയിനിംഗ് തുടങ്ങിയ പരിശീലനങ്ങളും നൽകിവരുന്നു.

ബി) സ്റ്റാഫ് ട്രെയിനിംഗ് സെന്ററിൽ എന്തെല്ലാം വിഷയങ്ങളിലാണ് ഇവർക്ക് പരിശീലനം നൽകുന്നത്;

ബി) സ്റ്റാഫ് ട്രെയിനിംഗ് സെന്ററിൽ ഡ്രൈവർമാർക്ക് - ഡ്രൈവർ ജോലിയുടെ പ്രാധാന്യവും കർത്തവ്യങ്ങളും, വെഹിക്കിൾ മെക്കാനിസം അപകടരഹിതമായി മെച്ചപ്പെട്ട ഇന്ധനക്ഷമത യോടെ വാഹനം ഓടിക്കൽ, മോട്ടോർ വാഹന നിയമങ്ങൾ, അപകടം ഉണ്ടാകുന്ന സന്ദർഭങ്ങളിൽ ചെയ്യേണ്ട പ്രഥമ ശുശ്രൂഷ, മദ്യപാനത്തിന്റെ ദൂഷ്യവശങ്ങൾ, പൊതുജനങ്ങളോടുള്ള പെരുമാറ്റരീതി, ടെൻഷൻ എങ്ങനെ ഒഴിവാക്കാം, തുടങ്ങിയ വിഷയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലനങ്ങളും മറ്റു വിഭാഗം ജീവനക്കാർക്ക് അവരുടെ ജോലിയുടെ പ്രാധാന്യവും കർത്തവ്യങ്ങളും സർവ്വീസ് സംബന്ധമായ വിഷയങ്ങൾ, പേഴ്സണാലിറ്റി ഡെവലപ്മെന്റ് തുടങ്ങിയ വിഷയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലന പരിപാടികളും, എ.ടി.ഒ. മാരായി ഉദ്യോഗക്കയറ്റം ലഭിക്കുന്നവർക്ക്

ഭരണസംബന്ധമായ വിഷയങ്ങളിലും മാനേജ്മെന്റ്തലത്തിലുമുള്ള ട്രെയിനിംഗും നൽകിവരുന്നു.

സി) ഡ്രൈവർമാർക്ക് പരിശീലനം നൽകുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; പുതുതായി നിയമിക്കപ്പെടുന്ന എല്ലാ ഡ്രൈവർമാർക്കും സർവ്വീസ് ആരംഭിക്കുന്നതിന് മുൻപ് പരിശീലനം നൽകുന്നുണ്ടോ;

സി) ഉണ്ട്. ഡ്രൈവർമാർക്ക് പരിശീലനം നൽകുന്നതിലേയ്ക്കായി, പി.സി.ആർ.എ. സെയിഫ് ആന്റ് ഫ്യൂവൽ എഫിഷ്യൻറ് ഡ്രൈവിംഗ്,കടറ്റീവ് ട്രെയിനിംഗ് തുടങ്ങിയ പരിശീലന പരിപാടികൾ പ്രത്യേകമായി വിവിധ കേന്ദ്രങ്ങളിൽ വച്ച് നൽകി വരുന്നു. കൂടാതെ തമിഴ്നാട്ടിലെ നാമക്കൽ ഡ്രൈവർ പരിശീലന കേന്ദ്രം, സി.ഐ.ആർ.ടി. പൂന എന്നിവിടങ്ങളിലും ട്രെയിനിംഗിനായി നിയോഗിക്കുന്നുണ്ട്. പുതുതായി നിയമനം ലഭിക്കുന്ന എല്ലാ ഡ്രൈവർമാർക്കും എസ്.ടി.സി.യും കെ.എസ്.ആർ.ടി.സി.യുടെ വിവിധ കേന്ദ്രങ്ങളിൽവച്ച് ഇൻഡക്ഷൻ ട്രെയിനിംഗ് നൽകി വരുന്നു.

ഡി) പരിശീലനത്തിന്റെ ഫലമായി വാഹനങ്ങളുടെ ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിനും ബസ്സപകടങ്ങൾ കുറയ്ക്കുന്നതിനും കഴിയുന്നുണ്ടോ ?

ഡി) കഴിയുന്നുണ്ട്. ഇന്ധനക്ഷമത 2005-2006വർഷത്തിൽ ഒരു ലിറ്റർ ഡീസലിന് 3.95 ആയിരുന്നത് 2006-07 വർഷത്തിൽ 4.04 കി.മീറ്റർ ആയി വർദ്ധിച്ചിട്ടുണ്ട്. അപകടനിരക്ക് 2005 വർഷത്തിൽ ഒരു ലക്ഷം കി.മീറ്ററിന് 0.30 ആയിരുന്നു. 2006 വർഷത്തിൽ 0.25-ഉം 2007 വർഷത്തിൽ 0.22-ഉം ആയി കുറഞ്ഞിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 292

17-03-2008 ലെ മറുപടിക്ക്

## ബസ് റൂട്ടുകൾ ദേശസാൽക്കരിക്കുന്നത് സംബന്ധിച്ച സർക്കാർ നയം

| ചോദ്യം | ഉത്തരം : |
| --- | --- |
| ശ്രീ. പി. ജയരാജൻ<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ<br>ശ്രീ. വി. ശശികുമാർ<br>ശ്രീ. പി. വിശ്വൻ<br>ശ്രീ. കെ. കുഞ്ഞിരാമൻ | ശ്രീ. മാത്യു. ടി. തോമസ്<br>(ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) ബസ് റൂട്ടുകൾ ദേശസാൽക്കരിക്കുന്നതു സംബന്ധിച്ച് സർക്കാരിന്റെ നയം വ്യക്തമാക്കുമോ; | എ) ജനങ്ങൾക്ക് മതിയായ യാത്രാ സൗകര്യങ്ങൾ ലഭ്യമാക്കുക എന്നതാണ് പരമ പ്രധാനം. പൊതുമേഖലയിലുള്ള കെ. എസ്. ആർ. ടി. സി. യുടെ Fleet strength ക്രമാനുഗതമായി വർദ്ധിപ്പിച്ച് പ്രത്യേക റൂട്ടുകളിൽ ആവശ്യമുള്ളത്ര സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്തുകൊണ്ടു മാത്രമേ പ്രസ്തുത റൂട്ടുകൾ ദേശസാൽക്കരിക്കുവാൻ കഴിയൂ. റൂട്ടുകൾ പുതുതായി ദേശസാൽക്കരിക്കുമ്പോൾ സ്വകാര്യ മേഖലയിലെ തൊഴിലാളികളുടെ താത്പര്യങ്ങൾ എങ്ങനെ സംരക്ഷിക്കാനാവും എന്നതും പരിശോധിക്കേണ്ടതുണ്ട്. |

| | | | |
|---|---|---|---|
| ബി) | ദേശസാൽക്കൃത റൂട്ടുകളിൽ സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് നല്കുന്നുണ്ടോ; | ബി) | ദേശസാൽക്കരണ പദ്ധതികൾ വിവിധ തരത്തിലുള്ളവയുണ്ട്. ചില പദ്ധതികളിൽ സ്വകാര്യ ബസ്സുകളെ പൂർണ്ണമായി ഒഴിവാക്കുന്നതും മറ്റു ചിലവ സ്വകാര്യബസ്സുകളെ ഭാഗീകമായി അനുവദിക്കുന്നതും മറ്റു ചിലവ നിലവിലുള്ള സ്വകാര്യ സർവ്വീസുകൾക്ക് പൂരകമായി കെ. എസ്. ആർ. ടി. സി ക്ക് സർവ്വീസ് നടത്തുന്നതിനുമാണ്. ഈ പദ്ധതികൾക്ക് വിരുദ്ധമായി സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് നല്കുന്നത് നിയമ വിരുദ്ധമാണ്. എന്നാൽ ചില കോടതി ഉത്തരവ് അനുസരിച്ചും ആർ. ടി. എ. യുടെ തീരുമാനപ്രകാരവും ചില പെർമിറ്റുകൾ അനുവദിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>ശ്രദ്ധയിൽപ്പെടുന്ന കേസുകളിൽ അപ്പീൽ നല്കാറുമുണ്ട്. |
| സി) | സ്വകാര്യ ബസ്സുകൾ പണിമുടക്ക് നടത്തുമ്പോൾ മലബാർ മേഖലയിലുണ്ടാകുന്ന ഗതാഗത ക്ലേശം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്വകാര്യ ബസുകൾ പണി മുടക്കുമ്പോൾ യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ കെ. എസ്. ആർ. ടി. സി. കഴിയുന്നത്ര ക്രമീകരണം നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം:293 17/03/2008-ലെ മറുപടി |
|---|

## സർക്കാർ ആശുപത്രികളിൽ രോഗികൾക്ക് ആഹാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ.കെ.വി.കുഞ്ഞിരാമൻ<br>ശ്രീ.ടി.പി.കുഞ്ഞുണ്ണി<br>ശ്രീ.എം.ജെ.ജേക്കബ്<br>ശ്രീമതി.പി.അയിഷാ പോറ്റി | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) സർക്കാർ ആശുപത്രികളിൽ രോഗികൾക്ക് ആഹാരം നൽകുന്ന പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ; | (എ) എല്ലാ സർക്കാർ ആശുപത്രികളിലും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാ രോഗികൾക്കും പാൽ, മുട്ട, ബ്രഡ് എന്നിവ സൗജന്യമായി നൽകിവരുന്നു. ചില ആശുപത്രികളിൽ രാത്രി ഭക്ഷണമായി കഞ്ഞിയും നൽകിവരുന്നുണ്ട്. അതത് ആശുപത്രി അധികൃതർക്കാണ് ഭക്ഷണവിതരണത്തിന്റെ ചുമതല. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള ആശുപത്രികളിൽ ഐ.പി.വിഭാഗത്തിലെ എല്ലാ രോഗികൾക്കും ദിവസം രണ്ടു നേരം കഞ്ഞിയും പയറും ഒരുനേരം പാലും ബ്രഡും നൽകുന്നുണ്ട്. സർക്കാർ ഹോമിയോ ആശുപത്രികളിലും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള ആശുപത്രികളിലും പാൽ, ബ്രഡ് എന്നിവ നൽകിവരുന്നു. |

| | |
|---|---|
| (ബി) ഇതിനായി അനുവദിച്ചിട്ടുള്ള തുക എത്രയാണ്; ഇത് പര്യാപ്തമാണോ ; | (ബി) 2007-08 സാമ്പത്തിക വർഷ ത്തേക്ക് പദ്ധതിയേതര ശീർഷക ങ്ങളിൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിനു കീഴിലുള്ള സർക്കാർ ആശുപത്രികൾക്ക് "24 സാധന സാമഗ്രികൾ" എന്ന ഇനത്തിൽ മരുന്നിനും ഭക്ഷണ സാധനങ്ങൾക്കുമായി 97,88,85,000 (തൊണ്ണൂറ്റി ഏഴ് കോടി എൺപത്തിയെട്ടുലക്ഷത്തി എൺപത്തി അയ്യായിരം രൂപ) അനുവദിച്ചിട്ടുണ്ട്. കൂടാതെ ഈ ഇനത്തിൽ കോർപ്പറേഷനുകൾ ക്കും മുനിസിപ്പാലിറ്റികൾക്കും ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായ ത്തുകൾക്കും ഗ്രാന്റായി തുക അനുവദിക്കുന്നുണ്ട്. ആയുർ വേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൻ കീഴിലുള്ള ആശുപത്രികൾക്ക് അൻപത്തിഎട്ടു ലക്ഷം രൂപ ഈ സാമ്പത്തിക വർഷം അനുവദി ച്ചിട്ടുണ്ട്. ബഡ്ജറ്റിൽ മരുന്നിനും മറ്റു സാധനസാമഗ്രികൾക്കുമായി അനുവദിച്ചിട്ടുള്ള തുകയിൽ നിന്നാണ് രോഗികൾക്ക് ആഹാരം നൽകുന്ന പദ്ധതിക്കായി തുക കണ്ടെത്തുന്നത്. പ്രസ്തുത ബഡ്ജറ്റ് വിഹിതം തികച്ചും ഈ ആവശ്യങ്ങൾക്ക് പര്യാപ്തമാണെന്ന് പറയാൻ കഴിയില്ല. |

| | | | |
|---|---|---|---|
| (സി) | ആഹാര സാധനങ്ങളുടെ വിതരണത്തിന്റെ ചുമതല ആർക്കാണ്; | (സി) | ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള ആശുപത്രികളിൽ ആശുപത്രി സൂപ്രണ്ടുമാർക്കും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൻ കീഴിലുള്ള ആശുപത്രികളിൽ ഹെഡ്നഴ്സ്/ ഡയറ്റീഷൻ എന്നിവർക്കും ഹോമിയോപ്പതി ഡയറക്ടറുടെ ഓഫീസിൻ കീഴിലുള്ള ആശുപത്രികളിൽ സീനിയർ നഴ്സിനും ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിലുള്ള ആശുപത്രികളിൽ നഴ്സിംഗ് സൂപ്രണ്ടിനുമാണ് ചുമതല. |
| (ഡി) | ആശുപത്രികളിൽ വിതരണം ചെയ്യുന്ന ആഹാരസാധനങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (ഡി) | നിർദ്ദേശങ്ങളൊന്നും പരിഗണനയിലില്ല. |
| (ഇ) | ആഹാരവിതരണത്തിനായി ഏതെല്ലാം ഏജൻസികളിൽ നിന്നും സഹായം ലഭിക്കുന്നുവെന്ന് അറിയിക്കുമോ ? | (ഇ) | ചില സർക്കാർ ആശുപത്രികളിൽ സന്നദ്ധ സംഘടനകളുടെ സഹായം ലഭിക്കാറുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള ആശുപത്രികളിൽ ചാരിറ്റബിൾ സൊസൈറ്റികൾ, സേവാസമിതികൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവ ആഹാരവിതരണത്തിന് സഹായിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.294 — 17.3.2008ൽ മറുപടിയ്ക്ക്

**മിശ്രവിവാഹിതർക്ക് സംരക്ഷണം**

**ചോദ്യം** — **ഉത്തരം**

ശ്രീ.പി.കൃഷ്ണപ്രസാദ്:
ശ്രീ.വി.ശശികുമാർ:
ശ്രീമതി.കെ.കെ.ലതിക
ശ്രീ.സാജുപോൾ:
ശ്രീ.പി.വിശ്വൻ:

ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ
(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മിശ്രവിവാഹിതർ സമൂഹത്തിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ജോലിയിലും മിശ്രവിവാഹിതരിൽ ഒരാൾ എസ് സി, എസ് റ്റി, ഒബിസി എന്നീ വിഭാഗത്തിൽ ഉൾപ്പെട്ടവരാണെങ്കിൽ പ്രസ്തുത ജാതിയുടെ ആനുകൂല്യം നൽകി വന്നിരുന്നു. എന്നാൽ ജാതി നിർണ്ണയിക്കുന്നതിന് പിതാവിന്റെ ജാതി അടിസ്ഥാനമാക്കണമെന്ന സുപ്രീം കോടതിവിധി, മിശ്രവിവാഹിതരുടെ കുടുംബങ്ങൾക്ക് പ്രയാസം ഉണ്ടാക്കുന്നു. സമൂഹത്തിൽ നിന്ന് ഒറ്റപ്പെടുന്നതു കൊണ്ട് വളരെയധികം വിഷമതകൾ അനുഭവിക്കുന്നു. |
| (ബി) | മിശ്രവിവാഹിതർക്കും അവരുടെ കുട്ടികൾക്ക് എന്തെങ്കിലും ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. സാമൂഹ്യക്ഷേമവകുപ്പ് പ്രതിവർഷം 6,000/-രൂപയിൽ കുറഞ്ഞ വരുമാനമുള്ള പട്ടികജാതി-പട്ടികവർഗ്ഗക്കാരല്ലാത്ത മിശ്രവിവാഹിതർക്ക് 5,000/-രൂപ ധനസഹായം നല്കി വരുന്നുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മിശ്രവിവാഹം മൂലം കഷ്ടത അനുഭവിക്കുന്ന ദമ്പതികളിൽ ഒരാൾ |

| | | | |
|---|---|---|---|
| | | | പട്ടികജാതി വിഭാഗത്തിൽപ്പെട്ടതാണെങ്കിൽ അവർക്ക് സ്വയംതൊഴിൽ ചെയ്ത് ഉപജീവനം നേടുന്നതിനായി 20,000/- രൂപ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് ധനസഹായമായി നൽകുന്നു. മിശ്രവിവാഹ ദമ്പതിമാരിൽ ഒരാൾ പട്ടികജാതിയിൽപ്പെട്ടതാണെങ്കിൽ അവർക്ക് പട്ടികജാതി കുടുംബത്തിന് നൽകിവരുന്ന എല്ലാ ആനുകൂല്യങ്ങളും നൽകിവരുന്നു. മിശ്രവിവാഹ ദമ്പതിമാരിൽ ഒരാൾ പട്ടികജാതിയിലുൾപ്പെട്ടതാണെങ്കിൽ അവരുടെ മക്കൾക്ക് മുഴുവൻ വിദ്യാഭ്യാസാനുകൂല്യവും നൽകിവരുന്നു. മറ്റ് പിന്നാക്ക വിഭാഗത്തിൽപ്പെട്ട മിശ്രവിവാഹ ദമ്പതികളുടെ കുട്ടികൾക്ക് വരുമാന പരിധി കണക്കാക്കാതെ മെട്രിക്കുലേഷനു ശേഷമുള്ള പഠനത്തിന് വിദ്യാഭ്യാസാനുകൂല്യം നൽകി വരുന്നു. പട്ടികവർഗ്ഗക്കാരായ മിശ്രവിവാഹിതർക്ക് മിശ്ര വിവാഹം നടത്തിയതുമൂലം ദുരിതമനുഭവിക്കുന്ന സാഹചര്യത്തിൽ അവരുടെ പുനരധിവാസത്തിനായി 10,000/- രൂപ ധനസഹായം നൽകുന്ന പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പിൽ നിലവിലുണ്ട്. ഈ ആനുകൂല്യം ലഭിക്കുന്നതിന് മിശ്രവിവാഹ ദമ്പതികളിൽ ഒരാൾ പട്ടികവർഗ്ഗത്തിൽപ്പെട്ടതായിരിക്കണം. മിശ്രവിവാഹം കഴിഞ്ഞു ഒരു വർഷത്തിനുശേഷം നിശ്ചിത അപേക്ഷാഫാറത്തിൽ ജാതി, വരുമാന സർട്ടിഫിക്കറ്റുകളും, മിശ്രവിവാഹം കഴിഞ്ഞ ശേഷം ഒരു വർഷത്തിൽ കുറയാത്ത കാലം ഭാര്യാഭർത്താക്കന്മാരായി രമ്യതയിൽ കഴിഞ്ഞുവരികയാണെന്ന ഒരു |

| | | | |
|---|---|---|---|
| | | | ഗസറ്റഡ് ഓഫീസറുടെ സാക്ഷ്യപത്രം സഹിതം അപേക്ഷിക്കുന്ന അർഹരായവർക്ക് 10,000/-രൂപ വരെ ധനസഹായം നൽകിവരുന്നുണ്ട്. മിശ്രവിവാഹിതരായ ദമ്പതികളുടെ വരുമാന പരിധി 12,000/-രൂപയിൽ കവിയുവാൻ പാടില്ല. മെരിറ്റിൽ വിവിധ കോഴ്സുകൾക്കു പ്രവേശനം ലഭിക്കുന്ന മിശ്രവിവാഹിതരുടെ കുട്ടികൾക്ക് മറ്റു പട്ടികവർഗ കുട്ടികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ നല്കുന്നുണ്ട്. എന്നാൽ പിതാവ് പട്ടിക വർഗത്തിൽപ്പെട്ടതാണെങ്കിൽ മാത്രമേ ഇത്തരം ദമ്പതികളുടെ മക്കൾക്കു പട്ടികവർഗ്ഗക്കാർക്കു അർഹമായ സംവരണാനുകൂല്യം ലഭിക്കുകയുള്ളൂ. സർക്കാർ സർവ്വീസിലുള്ള മിശ്രവിവാഹിതരായ ദമ്പതികൾക്ക് സ്ഥലംമാറ്റങ്ങളിൽ പ്രത്യേക പരിഗണന നൽകുന്നുണ്ട്. |
| (സി) | മിശ്രവിവാഹിതരുടെ സംരക്ഷണവും ക്ഷേമവും ലക്ഷ്യമാക്കി മിശ്രവിവാഹക്ഷേമത്തിനായി ബോർഡ് രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) | ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 295: 17..03..2008 - ൽ മറുപടിക്ക്

**വനിതാ തൊഴിൽദാന പദ്ധതി**

ചോദ്യം

ഉത്തരം

ശ്രീ. എ. എ. അസീസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:

ശ്രീ. എളമരം കരീം
(വ്യവസായ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം വനിതകൾക്ക് തൊഴിൽ നൽകുന്നതിനായി വ്യവസായ വകുപ്പ് എന്തെങ്കിലും പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ ; | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം വനിതകൾക്ക് തൊഴിൽ ഉറപ്പു നൽകുന്നതിന്റെ ഭാഗമായി ക്ലസ്റ്റർ വികസന പദ്ധതിയിൽ വനിത സംരംഭകരുടെ പദ്ധതികളും അംഗീകരിച്ചിട്ടുണ്ട്. കൂടാതെ നിലവിലുള്ള വനിത വ്യവസായ പദ്ധതിയ്ക്ക് ബജറ്റിൽ തുക വകയിരുത്തിയിട്ടുമുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ, | (ബി) | റെഡിമെയ്ഡ് ക്ലസ്റ്ററിനായുള്ള പൊതു ട്രെയിനിംഗ് സെന്റർ, ഫുഡ് ക്ലസ്റ്ററിനുള്ള പൊതു സംവിധാനം. സ്ക്രൂ പൈൻ ക്ലസ്റ്ററിനുള്ള പൊതു ട്രെയിനിംഗ് സെന്റർ മുതലായവയ്ക്കുള്ള പ്രൊപ്പോസലുകൾ കേന്ദ്രഗവൺമെന്റിന്റെ അംഗീകാരത്തിനായി അയച്ചിട്ടുണ്ട്. |
| (സി) | വനിതകൾക്ക് തൊഴിൽ നൽകുന്ന പ്രസ്തുത പദ്ധതിയിൽ ഏതെല്ലാം വ്യവസായ മേഖലകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ; | (സി) | ഫുഡ്, റെഡിമെയ്ഡ്, തഴപ്പായ എന്നീ തൊഴിൽ മേഖലകളെ ഉൾപ്പെടുത്തിയിട്ടുള്ള പ്രോജക്ടുകളാണ് അംഗീകാരത്തിനായി നൽകിയിട്ടുള്ളത്. |
| (ഡി) | വനിതാ തൊഴിൽദാന പദ്ധതി പ്രകാരം വ്യവസായ സംരംഭകർക്ക് തൊഴിൽ പരിശീലനം നല്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ഡി) | നിലവിലുള്ള പദ്ധതിയിൽ പരിശീലനത്തിന് സ്റ്റൈപെന്റ് നൽകുന്നതിന് വ്യവസ്ഥയുണ്ട്. ക്ലസ്റ്റർ ഡവലപ്മെന്റിലൂടെ തൊഴിൽ പരിശീലനവും തൊഴിൽ ഉറപ്പും നൽകുന്നതിന് ഉദ്ദേശമുണ്ട്. |
| (ഇ) | വനിതകളുടെ തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണുന്നതിന് പ്രത്യേക പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ? | (ഇ) | ഉണ്ട്. ക്ലസ്റ്റർ രൂപീകരണത്തിനായുള്ള മെ. ഒ. മാക്സ് ഫുഡ് (പ്രൈ.) ലിമിറ്റഡ്, കോട്ടയം, കോട്ടയം ജില്ലാ മഹിളാ തഴപ്പായ വികസന ഫെഡറൽ സമിതി, പെരുമ്പാവൂർ അപ്പാരൽസ് കൺസോർഷ്യം എന്നിവയുടെ പ്രൊപ്പോസലുകൾ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### ഏഴാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 296 | 17.03.2008 ൽ മറുപടിയ്ക്ക് |
|---|---|

### മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എം.ആരിഫ്<br>ശ്രീ. വി.ശിവൻകുട്ടി<br>ശ്രീ. വി.എൻ.വാസവൻ<br>ശ്രീ. ബാബു.എം.പാലിശ്ശേരി<br>ശ്രീ. എ.പ്രദീപ് കുമാർ | ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് മെഡിക്കൽ കോളേജിൽ എം.ആർ.ഐ. സ്കാൻ സ്ഥാപിക്കുകയും മെഡിസിൻ ഐ.സി.യു. പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. എല്ലാ ഒ.പി.വിഭാഗവും നവീകരിക്കുകയും സെക്യൂരിറ്റി സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുകയും സൂപ്പർ സ്പെഷ്യാലിറ്റിയിൽ ഒ.പി. വിഭാഗം പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ മാതൃശിശു സംരക്ഷണ കേന്ദ്രത്തിൽ രക്താർബുദ വാർഡ് തുടങ്ങുകയും മാലിന്യ നിർമ്മാർജ്ജനത്തിനായി സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രവർത്തനത്തിനുവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തു. മാതൃശിശു സംരക്ഷണ കേന്ദ്രത്തിന്റെ നവീകരണത്തിനായി 50 കോടി രൂപയുടെ പദ്ധതി നിലവിലുണ്ട്.<br><br>തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒ.പി. ബ്ലോക്കിന്റെ നിർമ്മാണം, ലാബുകളുടെ ഏകീകരണം, സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണം തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള സമഗ്രവികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു.<br>ആലപ്പുഴ മെഡിക്കൽ കോളേജിന്റെ മൂന്നാംഘട്ട വികസന പ്രവർത്തനങ്ങൾക്കായി ആശുപത്രി കെട്ടിടങ്ങൾ, ചുറ്റുമതിൽ, സീവേജ് ട്രീറ്റ്മെന്റ്, പവർസ്റ്റേഷൻ, ലേഡീസ് ഹോസ്റ്റൽ, മെൻസ് ഹോസ്റ്റൽ, നേഴ്സിംഗ് കോളേജ് |

| | |
|---|---|
| | എന്നിവയുടെനിർമ്മാണത്തിനും നേഴ്സിംഗ് ഹോസ്റ്റലിനുള്ള സ്ഥലത്തിനും ഈ സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു. കൂടാതെ വണ്ടാനത്ത് നിർമ്മിച്ച ആശുപത്രി സമുച്ചയത്തിലേക്ക് മെഡിസിൻ വിഭാഗവും അനുബന്ധ യൂണിറ്റുകളും മാറ്റി സ്ഥാപിച്ചു.<br><br>കോട്ടയം, തൃശ്ശൂർ മെഡിക്കൽ കോളേജുകളിൽ ആശുപത്രിയുടെ വികസനത്തിനായി വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ, യന്ത്ര സാമഗ്രികളും ഉപകരണങ്ങളും വാങ്ങൽ എന്നിവയടക്കമുള്ള വിവിധ വികസന പ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| (ബി) ആശുപത്രി ഉപകരണങ്ങൾ വാങ്ങുന്നതിന് എത്ര കോടി രൂപ ചെലവഴിച്ചുവെന്ന് അറിയിക്കുമോ? | (ബി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൻ കീഴിലുള്ള അഞ്ച് മെഡിക്കൽ കോളേജുകളിൽ ആശുപത്രി ഉപകരണങ്ങൾ വാങ്ങുന്നതിനായി ഇതുവരെ 1,88,39,956 രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ "സ്വാസ്ഥ്യസുരക്ഷാ യോജന" പ്രകാരം എന്തെല്ലാം വികസന പരിപാടികളാണ് നടത്തുന്നത്? | (സി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പി.എം.എസ്.എസ്.വൈ മുഖാന്തിരം നടത്തിവരുന്ന വികസനപ്രവർത്തനങ്ങൾ സംബന്ധിച്ചവിവരം അനുബന്ധം മായി ചേർക്കുന്നു |

| | |
|---|---|
| (ഡി) നിർമ്മാണപ്രവർത്തനങ്ങൾക്കായി ഓരോ മെഡിക്കൽ കോളേജിലും എന്തു തുക വീതം അനുവദിച്ചുവെന്ന് അറിയിക്കുമോ? | (ഡി) നിർമ്മാണ പ്രവർത്തനങ്ങൾക്കായി കോട്ടയം മെഡിക്കൽ കോളേജിന് 1,06,45,000 രൂപയും തിരുവനന്തപുരം മെഡിക്കൽ കോളേജിന് മൊത്തം 120 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ആലപ്പുഴ മെഡിക്കൽ കോളേജിൽ ആശുപത്രി കെട്ടിടങ്ങൾ, ചുറ്റുമതിൽ, സീവേജ് ട്രീറ്റ്മെന്റ്, പവർസ്റ്റേഷൻ എന്നിവയ്ക്കായി50 കോടി 90 ലക്ഷം രൂപയും ലേഡീസ് ഹോസ്റ്റൽ, മെൻസ് ഹോസ്റ്റൽ എന്നിവയുടെ നിർമ്മാണത്തിനായി 9 കോടി രൂപയും നേഴ്സിംഗ് കോളേജിന്റെ നിർമ്മാണത്തിനായി 3 കോടി 60 ലക്ഷം രൂപയും, നേഴ്സിംഗ് വിദ്യാർത്ഥികളുടെ താമസ സ്ഥലത്തിനായി 75 ലക്ഷം രൂപയും ചെലവഴിക്കുന്നതിനായി സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 1,31,99,552 രൂപ അനുവദിച്ചിട്ടുണ്ട്. |
| (ഇ) മെഡിക്കൽ കോളേജുകളിൽ ശുചീകരണ പ്രവർത്തനങ്ങൾക്കുള്ള സംവിധാനം ശക്തിപ്പെടുത്തുമോ? | (ഇ) അഞ്ച് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലും ഹൗസ് കീപ്പിംഗ് കമ്മിറ്റി മുഖാന്തിരം ശുചീകരണ പ്രവർത്തനങ്ങൾ വളരെ കാര്യക്ഷമമായി നടത്തുന്നുണ്ട്. കൂടാതെ ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ച് ശുചീകരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പി.എം.എസ്.എസ്.വൈ യുടെ ഭാഗ
താഴെപറയുന്ന വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

കേന്ദ്ര ഗവൺമെൻറിന്റെ വിഹിതമായ 100 കോടി രൂപ ഉപയോഗിച്ച് നടത
പ്രവർത്തനങ്ങൾ.

1. <u>സിവിൽ വർക്ക്:-</u> പൂർണ്ണമായും കംപ്യൂട്ടർവൽക്കരിക്കപ്പെട്ടതും ആധു
സജ്ജീകരണങ്ങളോടും കൂടിയ 15,000 സ്ക്വയർ മീറ്റർ ഏരിയ വരുന്ന 5 നിലയുള്ള സ
സ്പെഷ്യാലിറ്റി ബ്ലോക്ക് ഏകദേശം 38 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്ന പ്ര
സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൽ 8 സൂപ്പർ സ്പെഷ്യാലിറ്റികളും 6 ഐ.സി.യുക
ഓപ്പറേഷൻ തീയറ്ററുകളും ഉണ്ടായിരിക്കും.

2. <u>നഴ്സിംഗ് പി.ജി. ബ്ലോക്ക്:-</u> നഴ്സിംഗ് ഉപരിപഠനത്തിനായി രണ്ടു നില കെട്ടിടം.

3. ലബോറട്ടറി ടെക്നോളജി കോഴ്സുകൾ നടത്താനുള്ള രണ്ടു നില കെട്ടിടം.

<u>ഉപകരണങ്ങൾ:-</u>

47.95 കോടി രൂപയ്ക്ക് ആധുനിക ഉപകരണങ്ങൾ ഉൾപ്പെടെ 330-ൽ പരം ഉപകരണ
വാങ്ങാൻ ഉദ്ദേശിക്കുന്നു.

സംസ്ഥാന സർക്കാരിന്റെ വിഹിതമായ 20 കോടി രൂപ ഉപയോഗിച്ച് നടത്തുന്ന പ്രവർത്തനങ്ങൾ:-

1. ഈ വർഷം തന്നെ കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്ന പുതിയ ഒ.പി.ഡി. ബ്ലോക്ക് 13 കോടി രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന 5 നില കെട്ടിടം.
2. 3.8 കോടി രൂപ ചെലവഴിച്ചു നിർമ്മിക്കുന്ന ഗോൾഡൻ ജൂബിലി എസ്.എ.ടി. ബ്ലോക
3. ആധുനിക മോർച്ചറി

ഇവ കൂടാതെ റോഡ് വികസനം, പാർക്കിംഗ് സൗകര്യം, ഇലക്ട്രിക്കൽ കേബിളിംഗ് തുടങ്ങിയവ സംസ്ഥാന സർക്കാരിന്റെ ചെലവിൽ ഘട്ടം ഘട്ടമായി ചെയ്തുവരുന്നു.

12-ാം കേരള നിയമസഭ
7-ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 297          17.3.2008-ലെ മറുപടിക്ക്

## ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ

**ചോദ്യം**

ശ്രീ. സാജുപോൾ
ശ്രീ. അൽഫോൺസ് കണ്ണന്താനം
ശ്രീ. ടി.പി. കുഞ്ഞുണ്ണി
ശ്രീ എ.സി.മൊയ്തീൻ

**ഉത്തരം**

ശ്രീ. മാത്യു .ടി. തോമസ്
ഗതാഗതവും പ്രിന്റിംഗും
സ്റ്റേഷനറിയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് കെ.എസ്.ആർ.ടി.സി പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) | 1. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതു ലക്ഷ്യമാക്കി കെ.എസ്.ആർ.ടി.സി യുടെ കണ്ണായ സ്ഥലങ്ങളിൽ ബി.ഒ.ടി അടിസ്ഥാനത്തിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ പണിയുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആദ്യഘട്ടമെന്ന നിലയിൽ അങ്കമാലി, എസ്.ടി.സി ഫോർട്ട്, പേരൂർക്കട, കോഴിക്കോട്, തിരു. സെൻട്രൽ, മലപ്പുറം എന്നിവിടങ്ങളിലാണ് പണി ആരംഭിക്കുന്നത്. അതിൽ അങ്കമാലിയുടെ പണി ഉടൻ ആരംഭിക്കുന്നതാണ്.<br><br>2. കെ.എസ്.ആർ.ടി.സി യുടെ <u>പ്രധാന ടിക്കറ്റിതര വരുമാനം</u> കെ.എസ്.ആർ.ടി.സി ബസ്സുകളിലും ബസ്സ് സ്റ്റേഷനുകളിലും, ഉള്ള പരസ്യത്തിലൂടെയും, ക്യാന്റീൻ, പെയ്ഡ് യൂറിനൽ സ്റ്റാൾ, പേ ആന്റ് പാർക്ക്, സി.സി.ടി.വി, എന്നിവയിലൂടെയുമാണ്. ഇപ്പോൾ ബസ്സുകളിലെ പരസ്യവും, ബസ് സ്റ്റേഷനുകളിലെ പരസ്യവും |

| | | | |
|---|---|---|---|
| | | | രണ്ട് വർഷത്തേക്ക് സംസ്ഥാനാടിസ്ഥാനത്തിലും, ഏഴ് മേഖലാടിസ്ഥാനത്തിലുമാണ്. ഇത് മാറ്റി ബസ് പരസ്യം എ.സി, സൂപ്പർ ഡീലക്സ്, സൂപ്പർ ഫാസ്റ്റ്, ഫാസ്റ്റ്, ഓർഡിനറി എന്നിങ്ങനെ അഞ്ച് ഗ്രൂപ്പായി തരംതിരിച്ചും ബസ് സ്റ്റേഷൻ പരസ്യം ഏറ്റവും കൂടുതൽ വരുമാനമുണ്ടാകുന്ന വിധത്തിലും ലേലം ചെയ്യുവാൻ നടപടി എടുത്ത് വരുന്നു. |
| (ബി) | കെ.എസ്.ആർ.ടി.സി സംസ്ഥാനത്തിനുള്ളിൽ കൊറിയർ സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ; | (ബി) | കൊറിയർ സർവ്വീസ് തുടങ്ങുന്ന കാര്യം പരിഗണിച്ചിരുന്നു. കൊറിയർ സർവ്വീസ് തുടങ്ങുവാൻ ടെൻഡർ വിളിച്ചുവെങ്കിലും കെ.എസ്.ആർ.ടി.സി നിശ്ചയിച്ച യോഗ്യതയുള്ളവരെ കിട്ടാത്തതിനാൽ കൊറിയർ സർവ്വീസ് തുടങ്ങുവാൻ കഴിഞ്ഞിട്ടില്ല. ഇതിനുവേണ്ടി പുതിയതായി ഇറങ്ങുന്ന ബസ്സുകളിൽ ആവശ്യമായ സൗകര്യം ചെയ്തിട്ടുണ്ട്. യോഗ്യതയുള്ളവരെ ലഭിക്കുമ്പോൾ കൊറിയർ സർവ്വീസ് തുടങ്ങുന്നതാണ്. |
| (സി) | കാലപ്പഴക്കം ചെന്ന ബസ്സുകൾ കണ്ടം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | കാലപ്പഴക്കം ചെന്നതും ലാഭകരമായി അറ്റകുറ്റ പണികൾ ചെയ്യുവാൻ സാധിക്കാത്തതുമായ ബസ്സുകൾ കണ്ടം ചെയ്യുന്നതിനുള്ള നടപടികൾ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 298 — 17.03.2008-ൽ മറുപടിക്ക്

## പൾസ് പോളിയോയ്ക്കും പ്രതിരോധ കുത്തിവെപ്പിനും എതിരെയുള്ള ഡോക്ടർമാരുടെ പ്രസ്താവനകൾ

| ചോദ്യം<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി<br>ശ്രീ പി.കെ. അബ്ദു റബ്ബ് | ഉത്തരം<br>ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
|---|---|
| (എ) പൾസ് പോളിയോ തുള്ളിമരുന്നുകൾക്കും അലോപ്പതി വാക്സിനുകൾ അടക്കമുള്ള പ്രതിരോധ കുത്തിവെപ്പിനുമെതിരെ ഡോക്ടർമാരിൽ നിന്നും പ്രതികൂല പ്രസ്താവനകൾ ഉണ്ടാകുന്നതുമൂലം സാധാരണ ജനങ്ങളിൽ ശങ്കയുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഒറ്റപ്പെട്ട ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പൾസ് പോളിയോയ്ക്കും പ്രതിരോധ കുത്തിവെപ്പുകൾക്കും മുൻകാലങ്ങളെ അപേക്ഷിച്ച് ജനപങ്കാളിത്തം കുറയുന്നുണ്ടോ; | (ബി) ഇല്ല. |
| (സി) ഇത്തരം പ്രതിരോധ കുത്തിവെപ്പുകൾ മൂലം അതികഠിനമായ അലർജി, അക്യൂട്ട് ആർത്രൈറ്റിസ് എന്നീ പാർശ്വഫലങ്ങൾ ഉളവാകുന്നതായി പുറത്തുവന്ന ചില പഠനങ്ങളുടെ നിജസ്ഥിതി പരിശോധിക്കുന്നതിന് തയ്യാറാകുമോ? | (സി) എല്ലാ പ്രതിരോധ കുത്തിവെപ്പുകളും അപൂർവ്വം ചിലരിൽ നേരിയ തോതിൽ റിയാക്ഷൻ ഉണ്ടാക്കാറുണ്ട്. എന്നാൽ ആർത്രൈറ്റിസ് ഉണ്ടായതായി റിപ്പോർട്ട് ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 299 | 17-03-2008 -ൽ മറുപടിയ്ക്ക് |
|---|---|
| **ജുവനൈൽ ഹോമുകൾ** | |
| ചോദ്യം | ഉത്തരം |
| **ശ്രീ. പി.ടി.എ. റഹീം<br>" പി.പി. അബ്ദുള്ളക്കുട്ടി<br>" കെ.സി. കുഞ്ഞിരാമൻ<br>" മഞ്ഞളാംകുഴി അലി<br>" എം.കെ. പുരുഷോത്തമൻ** | **ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)** |

എ) സംസ്ഥാനത്ത് ജുവനൈൽ ഹോമുകൾ എവിടെയെല്ലാം പ്രവർത്തിക്കുന്നു; ഇപ്പോൾ ജുവനൈൽ ഹോമുകളിൽ ആകെ എത്ര അന്തേവാസികൾ ഉണ്ട്;

ഉത്തരം: (എ): ജുവനൈൽ ജസ്റ്റിസ് (കെയർ & പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആക്ട് 2000-ന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ജുവനൈൽ ഹോമുകളുടെ പേര് 16.1.2008-ലെ ജി.ഒ.(പി) നം.4/2008/സാക്ഷേവ എന്ന ഉത്തരവ് പ്രകാരം പുനർ നാമകരണം ചെയ്ത് ചിൽഡ്രൻസ് ഹോമുകൾ എന്നാക്കി മാറ്റിയിട്ടുണ്ട്.

സംസ്ഥാനത്ത് 7 ചിൽഡ്രൻസ് ഹോമുകളും ഒരു സർട്ടിഫൈഡ് ചിൽഡ്രൻസ് ഹോമും ഉൾപ്പെടെ 8 ചിൽഡ്രൻസ് ഹോമുകൾ പ്രവർത്തിക്കുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

| ക്രമ നം. | ചിൽഡ്രൻസ് ഹോം സ്ഥിതി ചെയ്യുന്ന സ്ഥലം | ജില്ല | അന്തേവാസികളുടെ എണ്ണം |
|---|---|---|---|
| 1 | ചിൽഡ്രൻസ് ഹോം, പൂജപ്പുര | തിരുവനന്തപുരം | 69 |
| 2 | ചിൽഡ്രൻസ് ഹോം, ബീച്ച് റോഡ് | കൊല്ലം | 67 |
| 3 | ചിൽഡ്രൻസ് ഹോം, തിരുവഞ്ചൂർ | കോട്ടയം | 87 |
| 4 | ചിൽഡ്രൻസ് ഹോം, രാമവർമ്മപുരം | തൃശ്ശൂർ | 86 |
| 5 | ചിൽഡ്രൻസ് ഹോം, വെള്ളിമാടുകുന്ന് (ആൺകുട്ടികൾ) | കോഴിക്കോട് | 142 |
| 6 | ചിൽഡ്രൻസ് ഹോം, മായിത്തറ, ചേർത്തല (സർട്ടിഫൈഡ് ജുവനൈൽ ഹോം) | ആലപ്പുഴ | 25 |
| 7 | ചിൽഡ്രൻസ് ഹോം,പരവനടുക്കം | കാസർഗോഡ് | 14 |
| 8 | ചിൽഡ്രൻസ് ഹോം, വെള്ളിമാടുകുന്ന് (പെൺകുട്ടികൾ) | കോഴിക്കോട് | 260 |
| | **ആകെ** | | **747** |

ബി) ഇവരുടെ വിദ്യാഭ്യാസത്തിനായി എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(...............2)

ഉത്തരം (ബി):

ഇവരുടെ വിദ്യാഭ്യാസത്തിനായി താഴെപ്പറയുന്ന സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്:

1) ആറ് ചിൽഡ്രൻസ് ഹോമുകളിലും 7-ാം ക്ലാസ്സ് വരെ പഠിപ്പിക്കുന്നതിനുള്ള സ്കൂളുകൾ പ്രവർത്തിക്കുന്നു.
2) ഏഴാം ക്ലാസിനു ശേഷം കുട്ടികൾ ചിൽഡ്രൻസ് ഹോമുകൾക്ക് പുറത്തുള്ള സർക്കാർ ഹൈസ്കൂളുകളിൽ വിദ്യഭ്യാസം തേടുന്നു.
3) ചിൽഡ്രൻസ് ഹോമിലെ കുട്ടികളെ ഹോമിനു പുറത്തുള്ള റെസിഡൻഷ്യൽ സ്കൂളുകളിൽ താമസിപ്പിച്ച് പഠിപ്പിക്കുന്നു. ഇത്തരത്തിൽ 131 കുട്ടികളുടെ താമസം, ഭക്ഷണം, ഫീസ് തുടങ്ങിയ ചെലവുകൾ സാമൂഹ്യക്ഷേമ വകുപ്പ് വഹിക്കുന്നു.
4) ഹൈസ്കൂൾ തലങ്ങളിൽ പഠിക്കുന്ന ചിൽഡ്രൻസ് ഹോമുകളിലെ കുട്ടികൾക്ക് സ്പെഷ്യൽ ട്യൂഷൻ നൽകുന്നു. ഇതിനുള്ള ഫീസ് സാമൂഹ്യക്ഷേമ വകുപ്പ് നൽകുന്നു.
5) ചിൽഡ്രൻസ് ഹോമിലെ കുട്ടികൾക്ക് പുസ്തകം, നോട്ട് ബുക്ക്, ബാഗ്, കുട, സ്കൂൾ യൂണിഫോം, സാധാരണ വസ്ത്രങ്ങൾ എന്നിവ സാമൂഹ്യക്ഷേമ വകുപ്പ് ലഭ്യമാക്കുന്നു.
6) ജുവനൈൽഹോമുകളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് സർവ്വ ശിക്ഷ അഭിയാൻ പദ്ധതി പ്രകാരം 55226/- രൂപ (ടീച്ചർ ഗ്രാന്റ് - 24,000/- , സ്കൂൾ ഗ്രാന്റ്- 22,000/-, ലൈബ്രറി ഗ്രാന്റ് - 1,000/- , മെയിന്റനൻസ് ഗ്രാന്റ് - 5,000/-, പാഠപുസ്തകം - 726/-, റാമ്പ് നിർമ്മാണം - 2,500/- രൂപ) നൽകിയിട്ടുണ്ട്.
7) ജുവനൈൽഹോമുകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്കൂളുകളിലെ കുട്ടികൾക്ക് സൗജന്യ പാഠപുസ്തകം, ടീച്ചർ ട്രെയിനിംഗ് , വികലാംഗരായ കുട്ടികൾക്കുള്ള സംയോജിത വിദ്യാഭ്യാസ പരിപാടി തുടങ്ങിയ എസ്.എസ്.എ. ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ട നിർദ്ദേശം എസ്.എസ്.എയുടെ എല്ലാ ജില്ലാ പ്രോജക്ട് ഓഫീസർമാർക്കും പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും നൽകിയിട്ടുണ്ട്.
8) 2007-2008 സാമ്പത്തിക വർഷം Hole-in-the wall Education Ltd., New Delhi എന്ന സ്ഥാപനവുമായിചേർന്ന് തിരുവനന്തപുരം, കോഴിക്കോട് (ആൺ) , കോഴിക്കോട് (പെൺ) എന്നീ ചിൽഡ്രൻസ് ഹോമുകളിലെ കുട്ടികൾക്കായി ഇന്റർനെറ്റ് വഴി സ്കൂൾ വിദ്യാഭ്യാസവും മറ്റു വിജ്ഞാനപ്രദവുമായ കാര്യങ്ങൾ പഠിപ്പിക്കുന്നതിനുള്ള അതിനൂതനമായ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇതുവഴി ഈ സ്ഥാപനങ്ങളിലെ കുട്ടികൾക്ക് കമ്പ്യൂട്ടറിന്റെ സഹായത്തോടെ സ്വയം പഠിക്കുന്നതിനുള്ള അവസരവും ലഭിക്കുന്നു.
9) ജുവനൈൽ ഹോമുകളിലെ കുട്ടികളിൽ പ്രൊഫഷണൽ കോഴ്സ് ചെയ്യാൻ ആഗ്രഹിക്കുന്നവർക്ക് വേണ്ട സാമ്പത്തിക സഹായം സാമൂഹ്യക്ഷേമ വകുപ്പ് യഥാസമയം നൽകി വരുന്നു. ഇതിൻ പ്രകാരം ജനറൽ നഴ്സിംഗ് , മെഡിക്കൽ എൻട്രൻസ് റിപ്പീറ്റ് കോഴ്സ്,

(........3)

ടി.ടി.സി, ബി.എ. മാസ്സ് കമ്മ്യൂണിക്കേഷൻ, ഹോട്ടൽ മാനേജ്മെന്റ്, കുക്കറി കോഴ്സ് എന്നിവ പഠിക്കുന്നതിന് വകുപ്പിൽ നിന്നും സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്.

സി) കുട്ടികളുടെ മാനസികവികാസത്തിനായി പരിശീലനം നൽകുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

ഉത്തരം (സി):

തിരുവനന്തപുരം, കൊല്ലം, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് (ആൺ/പെൺ) എന്നീ ചിൽഡ്രൻസ് ഹോമുകളിൽ കുട്ടികളുടെ മാനസിക വികാസത്തിനായി പരിശീലനം നൽകുന്നതിന് പാർട്ട് ടൈം കൗൺസിലർമാരുടെ /സൈക്കോളജിസ്റ്റുകളുടെ സേവനം ലഭ്യമാണ്. മറ്റ് ചിൽഡ്രൻസ് ഹോമുകളിൽ സന്നദ്ധ പ്രവർത്തകർ കൗൺസിലിംഗ് നടത്തുന്നു. ചിൽഡ്രൻസ് ഹോമിലെ കുട്ടികൾക്കായി നേതൃത്വപരിശീലന ക്യാമ്പ്, സാഹിത്യ ക്യാമ്പ്, വിനോദയാത്ര, ബാലമേള, ജുവനൈൽ ഫെസ്റ്റ് എന്നിവ സംഘടിപ്പിക്കാറുണ്ട്. എല്ലാ ചിൽഡ്രൻസ് ഹോമുകളിലും ബാല സഭകൾ പ്രവർത്തിക്കുന്നുണ്ട്. എല്ലാ ചിൽഡ്രൻസ് ഹോമുകളിലും ലൈബ്രറികൾ പ്രവർത്തിക്കുന്നു.

ഡി) ജുവനൈൽ ഹോമുകളിൽ കുട്ടികൾക്ക് പീഡനാനുഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകുമോ;

ഉത്തരം (ഡി):

നൽകിവരുന്നുണ്ട്. ഇപ്പോൾ ജില്ലാ തലത്തിൽ സാമൂഹ്യക്ഷേമ ഓഫീസർ, ജില്ലാ പ്രൊബേഷൻ ഓഫീസർ, ജില്ലാതല ഐ.സി.ഡി.എസ്. സെല്ലിലെ പ്രോഗ്രാം ഓഫീസർ എന്നിവർ അടങ്ങിയ ഒരു സമിതി എല്ലാ മാസവും ചിൽഡ്രൻസ് ഹോമുകൾ സന്ദർശിക്കുകയും അന്തേവാസികളുടെ ക്ഷേമം . അന്വേഷിക്കുകയും സ്ഥാപനം പരിശോധിക്കുകയും ചെയ്യുന്നുണ്ട്. സ്ഥാപനങ്ങളിൽ പരാതി പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. എല്ലാ മാസവും ബാലസഭ കൂടി കുട്ടികളുടെ പ്രശ്നങ്ങൾ ചർച്ചചെയ്യാറുണ്ട്.

ഇ) ജുവനൈൽ ഹോമുകളിൽ നിന്നും വിട്ടയയ്ക്കുന്ന കുട്ടികളുടെ ഭാവി പ്രവർത്തനം നിരീക്ഷിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഉണ്ടോ?

ഉത്തരം:(ഇ):

ചിൽഡ്രൻസ് ഹോമുകളിൽ നിന്ന് വിടുതൽ ചെയ്യുന്ന കുട്ടികളെ ജില്ലാ പ്രൊബേഷൻ ഓഫീസറുടെ മേൽനോട്ടത്തിൽ വിടുന്നതിനുള്ള സംവിധാനം ഉണ്ട്. കൂടാതെ പഠനം പൂർത്തിയാക്കാത്ത കുട്ടികളുടെ പഠനം പൂർത്തിയാക്കുന്നതിനുള്ള സഹായം നൽകുന്നു.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 300 — 17-03-2008 -ൽ മറുപടിക്ക്

### കുഴൽക്കിണർ നിർമ്മാണത്തിന് നിയന്ത്രണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എ. വാഹീദ് | ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) അശാസ്ത്രീയ രീതിയിലുള്ള കുഴൽക്കിണർ നിർമ്മാണം കുടിവെള്ള സ്രോതസ്സുകൾ ഇല്ലാതാക്കി ജലദൗർലഭ്യം ഉണ്ടാക്കുന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) ശാസ്ത്രീയമായി സ്ഥാന നിർണ്ണയം നടത്താതെയും കിണറുകൾ തമ്മിലുള്ള ദൂരപരിധി ലംഘിച്ചും സ്വകാര്യ മേഖലയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്നു ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. |
| ബി) സാങ്കേതിക വൈദഗ്ധ്യ മില്ലാത്ത തൊഴിലാളികളാണ് കുഴൽക്കിണർ നിർമ്മിക്കു ന്നതെന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | ബി) സ്വകാര്യമേഖലയിൽ സാങ്കേതിക വൈദഗ്ദ്ധ്യമില്ലാത്ത തൊഴിലാളികൾ പണിയെടുക്കുന്നുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| സി) ഗുരുതരമായ പരിസ്ഥിതി പ്രശ്നമുണ്ടാക്കുന്ന കുഴൽ ക്കിണർ നിർമ്മാണ മേഖലയെ നിയന്ത്രിക്കു ന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | സി) കേരള സംസ്ഥാനത്ത് ഭൂജലം സംരക്ഷിക്കുന്നതിനും അതിന്റെ ചൂഷണം, ഉപയോഗം, എന്നിവ ക്രമീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്ന 2002- ലെ കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ട് 16-12-2003-ൽ നിലവിൽ വന്നു. പ്രസ്തുത ആക്ടിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച കേരള ഭൂജല അതോറിറ്റിയുടെ ശുപാർശ പ്രകാരം ഗവൺമെന്റ് അമിത ജലചൂഷിത പ്രദേശങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള അഞ്ചു ബ്ലോക്കുകളിൽ പുതിയതായി കുഴൽക്കിണർ നിർമ്മിക്കുന്നതിനോ നിലവിലുള്ള കിണറുകളുടെ ആഴം, വ്യാസം എന്നിവ കൂട്ടുവാനോ പമ്പ് ഘടിപ്പിക്കാനോ പെർമിറ്റ് ആവശ്യമാണ്. മറ്റു ബ്ലോക്കുകളിൽ 3എച്ച്.പിയിൽ കൂടുതലായുള്ള പമ്പുകൾ ഘടിപ്പിച്ച കുഴൽക്കിണറുകളും 1.50 എച്ച്. പിയിൽ കൂടുതലായുള്ള പമ്പ് ഘടിപ്പിച്ച സാധാരണ കിണറുകളും കുളങ്ങളും അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇപ്രകാരം പെർമിറ്റ് നൽകുമ്പോഴും രജിസ്ട്രേഷൻ നൽകുമ്പോഴും കിണറിൽ നിന്നും എടുക്കാവുന്ന ജലത്തിന്റെ അളവും മറ്റും നിർണ്ണയിച്ചു നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ

— — — —